# പൈതൃക സംരക്ഷണം
# പ്രാദേശിക സർക്കാരുകളിലൂടെ

## കൈപ്പുസ്തകം

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**
**മുളങ്കുന്നത്തുകാവ്,**
**തൃശൂർ 680 581**

| | |
|---|---|
| **പൈതൃക സംരക്ഷണം** | **Heritage Conservation** |
| **പ്രാദേശിക സർക്കാരുകളിലൂടെ** | **Through Local Governments** |
| കൈപ്പുസ്തകം | Handbook |
| ചീഫ് എഡിറ്റർ | Chief Editor |
| **ഡോ.പി.പി.ബാലൻ** | **Dr. P.P.Balan** |
| ഡയറക്ടർ, കില | Director, KILA |
| എഡിറ്റർ | Editor |
| **ഡോ. സണ്ണി ജോർജ്ജ്** | **Dr. Sunny George** |
| പ്രൊഫസർ, കില | Professor, KILA |
| എക്സിക്യൂട്ടീവ് എഡിറ്റർ | Executive Editor |
| **അജിത് വെണ്ണിയൂർ** | **Ajith Venniyur** |
| തയ്യാറാക്കിയവർ | Contributions |
| വേണു കെ. | Venu K |
| അജിത് വെണ്ണിയൂർ | Ajith Venniyur |
| ഡോ. പ്രേംകുമാർ | Dr. Premkumar |
| പി.വി. രാമകൃഷ്ണൻ | P.V. Ramakrishnan |
| റോയ് എം മാത്യു | Roy M Mathew |
| രാഗേഷ് ഒ.എം | Rakesh O M |
| പ്രസാധനം | Published by |
| സെന്റർ ഫോർ അർബൻ ഗവേണൻസ് | Centre for Urban Governance |
| കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ | Kerala Institute of Local |
| അഡ്മിനിസ്ട്രേഷൻ(കില) | Administration(KILA) |
| മുളങ്കുന്നത്തുകാവ് | Mulamkunnathukavu |
| തൃശ്ശൂർ-680 581, കേരളം | Thrissur-680 581, Kerala |
| ഇ-മെയിൽ : kilaurban@gmail.com | e-mail: kilaurban@gmail.com |
| mail@kilaonline.org | mail@kilaonline.org |
| ഫോൺ: 0487 220312, 2207400, 2207000 | Phone: 0487 220312, 2207400, 2207000 |
| ഐ.എസ്.ബി.എൻ. : 978-93-84557-73-7 | ISBN : 978-93-84557-73-7 |
| ഒക്ടോബർ 2016 | October 2016 |
| ഡി.ടി.പി., ലേ-ഔട്ട് & കവർ ഡിസൈനിംഗ് | DTP, Layout & Cover Designing |
| രാജേഷ് താണിക്കുടം | Rajesh Thanikudam |
| അച്ചടി | Printed at |
| കോ-ഓപ്പറേറ്റീവ് പ്രസ്സ്, | Co-Operative Press, |
| മുളങ്കുന്നത്തുകാവ് | Mulamkunnathukavu |
| ഫോൺ : 0487-2200391, 9895566621 | Ph : 0487-22200391, 9895566621 |

# അവതാരിക

**പൈ**തൃകസ്മാരകങ്ങളുടെ കലവറയാണ് കേരളം. ഒരു പ്രദേശവും അതിൽ നിന്ന് ഭിന്നമല്ല. കോട്ടകൾ, കൊത്തളങ്ങൾ, കൊട്ടാരങ്ങൾ, ഗുഹകൾ, ഗോപുരങ്ങൾ, ക്ഷേത്രങ്ങൾ, പള്ളികൾ, പാലങ്ങൾ, കാവുകൾ, വഴിയമ്പലങ്ങൾ, ചുവടുതാങ്ങികൾ, കലകൾ, കളികൾ –അങ്ങനെ എണ്ണി തിട്ടപ്പെടുത്താനാവാത്തവയാണ് നമ്മുടെ പൈതൃക തിരുശേഷിപ്പുകൾ.

ഓരോ സമൂഹത്തിന്റേയും മനോഭാവം, സംസ്കാരം, ജീവിത രീതികൾ, കലാകായിക പാരമ്പര്യം, ആചാരാനുഷ്ഠാനങ്ങൾ, വാസ്തുവിദ്യ എന്നിങ്ങനെ അതതു കാലഘട്ടത്തിന്റെ തുടിപ്പുകളെ പ്രതിനിധാനം ചെയ്യുന്നവയാണ് ഓരോ പൈതൃക സ്മാരകവും. അജ്ഞതയും അലസതയും കാരണം പലതും നമുക്ക് നഷ്ടപ്പെട്ടു പോയി. അതിൽ ദുഃഖിക്കാനേ ഇനി നമുക്ക് കഴിയൂ. അതുകൊണ്ടു തന്നെ കേരളമൊട്ടാകെ പരന്നു കിടക്കുന്ന പൈതൃക നിർമ്മിതികളിൽ അവശേഷിക്കുന്നവയെ കണ്ടെത്തി സംരക്ഷിക്കുകയും വരുംതലമുറകൾക്ക് കൈമാറുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. പ്രാദേശിക സർക്കാർ എന്ന നിലയിൽ അത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ കർത്തവ്യവുമാണ്. ഈ ദൗത്യം നിറവേറ്റാൻ ജനപ്രതിനിധികളേയും ഉദ്യോഗസ്ഥരേയും പ്രചോദിപ്പിക്കാനും പ്രാപ്തരാക്കാനും 'കില' മുൻകൈയെടുത്തിരിക്കുകയാണ്.

അതിന്റെ ആദ്യഘട്ടമാണ് പ്രബോധനവും പരിശീലനവും. അതിനായി തയ്യാറാക്കിയ ഈ കരട് കൈപ്പുസ്തകം ഈ രംഗത്ത് ഒരു കൈത്തിരി മാത്രമാണ്. ഇതിന്റെ ഇനിയുള്ള പതിപ്പുകൾ സമ്പുഷ്ടമാക്കാൻ വായനക്കാരുടെ അഭിപ്രായങ്ങൾ സവിനയം ക്ഷണിക്കുന്നു. ഇതിനു പിന്നിലും മുന്നിലും പ്രവർത്തിച്ച എല്ലാവരെയും അഭിനന്ദിക്കുന്നു.

**സ്നേഹപൂർവ്വം**

**കെ.ടി. ജലീൽ**

## മുഖവുര

**പ**ഞ്ചായത്തുകളും നഗരസഭകളും ഇന്ന് കേവലം സർക്കാരിന്റെ പ്രാദേശിക വികസന ഏജൻസികളല്ല പ്രാദേശിക സർക്കാരുകളാണ്. 73,74 ഭരണഘടനാഭേദഗതിയോടെ വൻപരിവർത്തനമാണ് ഈ കാലത്തുണ്ടായത്. അധികാരത്തിനും സ്വാതന്ത്ര്യത്തിനും സമ്പത്തിനുമൊപ്പം പ്രാദേശിക സർക്കാരുകളുടെ ഉത്തരവാദിത്തവും ചുമതലകളും വർദ്ധിച്ചു.

പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം ഇന്ന് തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്. അതുപോലെതന്നെ പ്രധാനമാണ് പൈതൃകസംരക്ഷണവും. പ്രാദേശിക തനിമകൾ, വൈവിധ്യങ്ങൾ, കലാരൂപങ്ങൾ, സാംസ്കാരിക പാരമ്പര്യം, നിർമിതികൾ, പുരാവസ്തുക്കൾ എന്നിവയൊക്കെ പരിപാലിച്ചും സംരക്ഷിച്ചും വരുംതലമുറയ്ക്ക് കൈമാറുന്നതിനുള്ള ധാർമിക ചുമതല ഓരോ പ്രാദേശിക സർക്കാരിനുമുണ്ട്. കാലത്തിന്റെ കുത്തൊഴുക്കിൽ ഒലിച്ചു പോകുന്ന നമ്മുടെ മഹത്തായ പാരമ്പര്യം കണ്ടെത്തുന്നതിനും പരിപാലിക്കുന്നതിനുമായി സംസ്ഥാന തലത്തിൽ ഒരു ക്യാമ്പയിനിന് സംസ്ഥാന സർക്കാർ രൂപം നൽകിയിരിക്കുകയാണ്. അതിന്റെ പ്രാധാന്യം, പ്രസക്തി, പദ്ധതി രൂപീകരണത്തിനുള്ള മാർഗദർശനം എന്നിവ ഉൾപ്പെടുത്തിയുള്ള ഒരു പ്രാരംഭകൈപ്പുസ്തകത്തിന്റെ കരട് രൂപമാണിത്. പൈതൃകസംരക്ഷണരംഗത്തെ ഏതാനും വിദഗ്ദ്ധരും തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ പ്രതിനിധികളും ചേർന്ന് തയ്യാറാക്കിയ ഈ കൈപ്പുസ്തകം സമഗ്രമായ ചർച്ചയ്ക്കും നിർദേശങ്ങൾക്കുമായി അവതരിപ്പിക്കുകയാണ്.

പദ്ധതിയുടെ പ്രാരംഭഘട്ടമായി നടത്തുന്ന ശില്പശാലകൾ, പരിശീലനങ്ങൾ എന്നിവയിലൂടെ ലഭിക്കുന്ന ആശയാഭിപ്രായങ്ങൾ കൂട്ടിച്ചേർത്ത് ഈ കൈപ്പുസ്തകം വിപുലീകരിക്കണമെന്നാണ് 'കില' ആഗ്രഹിക്കുന്നത്. ഇതിന്റെ നിർമിതിയിൽ സഹകരിച്ച ഉപദേശകർക്കും എഴുത്തുകാർക്കും സഹപ്രവർത്തകർക്കും എഡിറ്റിംഗും രൂപകല്പനയും നിർവിച്ച ശ്രീ അജിത് വെണ്ണിയൂരിനും അകംനിറഞ്ഞ നന്ദി.

വായനക്കാരുടെ ക്രിയാത്മകസഹകരണം അഭ്യർത്ഥിച്ചുകൊണ്ട്

സ്നേഹാദരങ്ങളോടെ,

**ഡോ.പി.പി.ബാലൻ**
**ഡയറക്ടർ**

## ഉപോദ്ഘാതം

# കേരളത്തിലെ പൈതൃക സ്മാരകങ്ങൾ

പുരാതന നാണയങ്ങളേയും, പ്രാചീന ലിഖിതങ്ങളേയും സഞ്ചാരികളുടെ വിവരങ്ങളേയും പോലെ പൈതൃക സ്മാരകങ്ങളും ചരിത്രനിർമിതിയെ ഗണ്യമായി സഹായിക്കുന്നു. ഈ തിരിച്ചറിവ്, നമ്മുടെ നാട്ടിൽ ഉണ്ടായിട്ട് ഏറെക്കാലമായില്ല. ഈ തിരിച്ചറിവുണ്ടാകുംമുമ്പ് നഷ്ടപ്പെട്ടുപോയ പൈതൃകസ്മാരകങ്ങൾക്കു കണക്കില്ല.

കാലത്തെ അതിജീവിച്ച് ഇവിടെ നിലനിൽക്കുന്ന പൈതൃക സ്മാരകങ്ങളിൽ ഏറെയും ആരാധനാലയങ്ങളാണ്. വടക്ക് കുമ്പള മുതൽ തെക്ക് പാറശ്ശാല വരെയുള്ള സ്ഥലങ്ങളിലായി സ്ഥിതിചെയ്യുന്ന ക്ഷേത്രങ്ങളും പള്ളികളും മുസ്ലിം ആരാധനാലയങ്ങളും ഇവയിൽ ഉൾപ്പെടുന്നു.

നമ്മുടെ പൈതൃക സ്മാരകങ്ങളിൽ വളരെ കുറച്ചെണ്ണത്തിനു മാത്രമാണ് കേന്ദ്ര-സംസ്ഥാന പുരാവസ്തു വകുപ്പുകളുടെ ശാസ്ത്രീയ സംരക്ഷണം ലഭിക്കുന്നത്. ഇപ്പോൾ കന്യാകുമാരി ജില്ലയിലായ പത്മനാഭപുരം കൊട്ടാരം ഉൾപ്പെടെ 85 സംരക്ഷിത സ്മാരകങ്ങളാണ് കേരള പുരാവസ്തു വകുപ്പിന്റെ നിയന്ത്രണത്തിലുള്ളത്. ഇവയ്ക്കു പുറമെ എട്ട് മ്യൂസിയങ്ങളും പുരാവസ്തു വകുപ്പിന് സ്വന്തമായുണ്ട്. മറയൂർ, എടക്കൽ എന്നിവിടങ്ങളിലെ ചരിത്രാതീതകാല പാറമടക്കുകളും അവിടുത്തെ പ്രാചീന ആലേഖനങ്ങളും പൈതൃക കേരളത്തിന് അഭിമാനിക്കാവുന്നതാണ്.

പത്മനാഭപുരം, ശ്രീപാദം, നെടുമങ്ങാട്, കൃഷ്ണപുരം, തൃശ്ശൂർ കൊട്ടാരങ്ങൾ ഇപ്പോൾ പുരാവസ്തു വകുപ്പിന്റെ ഉടമസ്ഥതയിലാണ്. വിഴിഞ്ഞം, മടവൂപ്പാറ, കോട്ടുക്കൽ, കവിയൂർ ഇരുനിലംകോട് ഗുഹാക്ഷേത്രങ്ങളും സംരക്ഷിത സ്മാരകങ്ങളാണ്. കൃഷ്ണപുരം, മാവേലിക്കര, ഭരണിക്കാവ്, കരുമാടി എന്നിവിടങ്ങളിലെ ബുദ്ധപ്രതിമകളും സംരക്ഷിത സ്മാരകങ്ങളിൽ ഉൾപ്പെടുന്നു.

അരിയന്നൂർ, ഉളിയന്നൂർ, ചാത്തന്നൂർ, ഊരമന, തിരുനായത്തോട്, കല്ലിൽ, മഞ്ഞപ്ര, പുണ്ഡരീകപുരം, കാട്ടിൽമാടം, കൽപ്പകത്തൂർ, നെടുമ്പുറം തളി, തൊടീക്കളം തുടങ്ങിയ ക്ഷേത്രങ്ങളും സംരക്ഷിത

സ്മാരകങ്ങളാണ്. കൊടുങ്ങല്ലൂരിലെ കോട്ടയും പള്ളിപ്പുറത്തെ കൊത്തളവും കേരള പുരാവസ്തു വകുപ്പ് നേരിട്ട് സംരക്ഷിക്കുന്നു.

എ.എസ്.ഐ എന്ന ചുരുക്കപ്പേരിൽ അറിയുന്ന ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയും സംസ്ഥാനത്തെ പ്രധാനപ്പെട്ട പൈതൃക സ്മാരകങ്ങളിൽ ചിലത് സംരക്ഷിക്കുന്നു. രാജ്യത്തെ 17 സർക്കിളുകളായി വേർതിരിച്ചാണ് എ.എസ്.ഐ സ്മാരകങ്ങളെ സംരക്ഷിക്കുന്നത്. തൃശ്ശൂർ സർക്കിളിന്റെ കീഴിലാണ് കേരളത്തിലെ സ്മാരകങ്ങൾ. മട്ടാഞ്ചേരി കൊട്ടാരമാണ് ഇവയിൽ പ്രധാനം. കേരളീയ ശൈലിയിൽ യൂറോപ്യൻ എഞ്ചിനീയർമാർ 1552-ൽ നിർമ്മിച്ചതാണ് ഈ കൊട്ടാരം.

ബേക്കൽ, കണ്ണൂർ, തലശ്ശേരി, പാലക്കാട്, അഞ്ചുതെങ്ങ് എന്നിവിടങ്ങളിലെ കോട്ടകളും പെരുവനം, തൃശ്ശൂർ, തിരുവഞ്ചിക്കുളം, തൃപ്രയാർ, പള്ളിമള്ള, ചെമ്മൻതിട്ട (തൃശ്ശൂർ ജില്ല) പട്ടാമ്പി എന്നിവിടങ്ങളിലെ ക്ഷേത്രങ്ങളും കൊച്ചിയിലെ സെന്റ് ഫ്രാൻസിസ് ചർച്ചും സുൽത്താൻ ബത്തേരിയിലെ ജൈനക്ഷേത്രവും എ.എസ്.ഐയുടെ സംരക്ഷണത്തിലാണ്. ചേരമനങ്ങാട്ടെയും അരികന്നിയൂരെയും (തൃശ്ശൂർ ജില്ല) കുടക്കൽ പറമ്പുകളും കേന്ദ്ര പുരാവസ്തു വകുപ്പിന്റെ നേരിട്ടുള്ള ചുമതലയിലാണ്.

സംരക്ഷിത സ്മാരകങ്ങളിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പുകൾ അനുവദിക്കാറില്ല. അറ്റകുറ്റപ്പണികൾക്കും പ്രാചീനത നിലനിർത്താനുള്ള പ്രവർത്തനങ്ങൾക്കുമാണ് പ്രാധാന്യം കൊടുക്കുന്നത്. ദേവാലയങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഭക്തജനങ്ങളുടെ സമിതികൾ പുരാവസ്തു വകുപ്പിൽ നിന്ന് പുതിയ നിർമ്മാണ പ്രവർത്തനങ്ങളാണ് പ്രതീക്ഷിക്കുന്നത്. അശാസ്ത്രീയമായ ഈ ആവശ്യങ്ങൾ അഭിപ്രായസംഘട്ടനങ്ങൾക്ക് പലപ്പോഴും അവസരം ഉണ്ടാക്കുന്നു. കേരളത്തിലെ ചരിത്രസ്മാരകങ്ങൾ, ഇവിടുത്തെ സാംസ്ക്കാരിക പശ്ചാത്തലത്തെപ്പറ്റി ഉദാസീനരായ മറുനാട്ടുകാരാൽ നിയന്ത്രിക്കപ്പെടുന്നതുകൊണ്ട് എ.എസ്.ഐയുടെ സംരക്ഷിത സ്മാരകങ്ങളിലെ അറ്റകുറ്റപ്പണികൾ അനുയോജ്യമായല്ല പലപ്പോഴും നടക്കുന്നത്.

അർഹതയുള്ള അനേകം പൈതൃകമന്ദിരങ്ങളെ സാമ്പത്തിക പരിമിതി മൂലം ആർക്കിയോളജി വകുപ്പുകൾ സംരക്ഷിക്കുന്നില്ലെന്നതും ഖേദകരമാണ്. താഴത്തങ്ങാടി, കുറ്റിച്ചിറ (മിസ്കാൽ) എന്നിവിടങ്ങ

ളിലെ ഇസ്ലാം ദേവാലയങ്ങളും തിരുവല്ല, കവിയൂർ കുരട്ടിക്ഷേത്രങ്ങളും മാള, പറവൂർ സെമിത്തേരികളും അടിയന്തരമായി സംരക്ഷിത സ്മാരകങ്ങളാക്കേണ്ടതാണ്. കേരള സർക്കാരിന്റെ കീഴിലുള്ള മിക്ക സംരക്ഷിത സ്മാരകങ്ങൾക്കും മുഴുവൻസമയ കാവൽ ഇല്ലാത്തതും സുരക്ഷാ പ്രശ്നങ്ങൾക്ക് കാരണമാകാറുണ്ട്. ചേന്ദമംഗലം ജൂതപ്പളളിയിൽ സൂക്ഷിച്ചിരുന്നതും നൂറ്റാണ്ടുകൾ പഴക്കമുളളതുമായ, ആട്ടിൻതോലിൽ എഴുതിയ ബൈബിൾ നഷ്ടപ്പെട്ടിട്ട് പതിറ്റാണ്ടുകളായി.

വർദ്ധിച്ച ജനസാന്ദ്രതയും സ്ഥലദൗർലഭ്യവും സ്മാരകങ്ങളുടെ എണ്ണക്കൂടുതലും പുരാവസ്തു വകുപ്പുകൾ നേരിടുന്ന വെല്ലുവിളികളിൽ ചിലതാണ്.

ഇന്ത്യൻ ട്രഷർ ട്രോവ് ആക്ടും ഏൻഷ്യന്റ് മോണിമെന്റ്സ് ആൻഡ് ആർക്കിയോളജിക്കൽ സൈറ്റ്സ് ആക്ടും (1958) കാലോചിതമായി പരിഷ്കരിക്കേണ്ടിയിരിക്കുന്നു. പൈതൃക സംരക്ഷണത്തിൽ യൂറോപ്യൻ രാജ്യങ്ങളും ജപ്പാൻ പോലുള്ള ഏഷ്യൻ രാജ്യങ്ങളും കാണിക്കുന്ന നിതാന്ത ജാഗ്രത എന്നാണിവിടെ യാഥാർത്ഥ്യമാകുക?

പാരമ്പര്യമെന്നത് അങ്ങാടികളിൽ നിന്ന് വിലയ്ക്ക് വാങ്ങാൻ കിട്ടുന്നതല്ല. അതുകൊണ്ടുതന്നെ അവ കാത്തുസൂക്ഷിക്കാനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്. അതു താഴേത്തട്ടിൽ നിന്നുതന്നെ തുടങ്ങണം.

**ഡോ.എം.ജി.ശശിഭൂഷൺ**

1

# പൈതൃകസംരക്ഷണത്തിൽ പ്രാദേശികസ്ഥാപനങ്ങളുടെ പങ്ക്

**ആമുഖം**

നാനാത്വത്തിലെ ഏകത്വമാണ് ഭാരതത്തിന്റെ സവിശേഷത. നാട്ടിൻപുറങ്ങളും നഗരങ്ങളും ഇക്കാര്യത്തിൽ ഒരുപോലെ സമ്പന്നമാണ്.

വ്യത്യസ്ത ഭാഷകൾ, സംസ്കാരങ്ങൾ, മൂല്യങ്ങൾ, ജീവിതരീതികൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, കാഴ്ചപ്പാടുകൾ, വേഷങ്ങൾ, ഭക്ഷണം, കൃഷിരീതികൾ അങ്ങനെ ഓരോന്നിലും വൈവിധ്യം പ്രകടമാണ്. അവയുടെ സൗന്ദര്യമാണ് ഭാരതത്തിന്റെ സൗന്ദര്യം. അവയുടെ സൗരഭ്യമാണ് നമ്മുടെ രാജ്യത്തിന്റേയും സൗരഭ്യം.

ജീവിത സംസ്കൃതിയുടെ ഓരോ ഈടുവയ്പ്പിലും ചിന്തയുടെ, നന്മയുടെ, ത്യാഗത്തിന്റെ അടിവേരുകൾ ഒളിഞ്ഞിരിപ്പുണ്ട്. അവയുടെ കരുത്താണ് മുന്നോട്ടുള്ള പ്രയാണത്തിൽ നമ്മുടെ ശക്തിസ്രോതസ്സ്.

ഗ്രാമസ്വരാജ് എന്ന ആശയവും അത് കൈവരിക്കാനുള്ള മാർഗമായി അധികാര വികേന്ദ്രീകരണവും പഞ്ചായത്തീരാജും ഭാരതത്തിൽ വികാസം പ്രാപിച്ചത്, ഒരു പക്ഷേ ഭാരതത്തിന് മാത്രം അവകാശപ്പെടാവുന്ന ഈ സവിശേഷതകളുടെ പശ്ചാത്തലത്തിലാണ്.

ആഗോളവൽക്കരണത്തിന്റേയും നഗരവൽക്കരണത്തിന്റേയും പെരുവെള്ളപ്പാച്ചിലിൽ അവ ഒലിച്ചുപോകാതെ കാത്തുസൂക്ഷിക്കാൻ നാം ബാദ്ധ്യസ്ഥരാണ്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം വികസിത രാജ്യങ്ങൾക്കൊപ്പം എത്തിച്ചേരാനുള്ള വികസന തേരോട്ടത്തിനിടയിൽ അവയിൽ പലതും ചതഞ്ഞരഞ്ഞുപോയി. നഷ്ടപ്പെട്ടതിനെക്കുറിച്ച് ഇനി ആവലാതിപ്പെട്ടിട്ട് കാര്യമില്ല. അവശേഷിക്കുന്ന അടയാളങ്ങളെ വരുംതലമുറകൾക്കുവേണ്ടി സംരക്ഷിക്കുകയും പൈതൃക/പാരമ്പര്യ

സാക്ഷരതയിലൂടെ തന്റെ ചുറ്റുപാടികളെപ്പറ്റിയുള്ള സാമൂഹികാവ ബോധവും മൂല്യബോധവും ഊട്ടിയുറപ്പിക്കുകയും ചെയ്യുകമാത്രമേ ഇനി നമുക്ക് ചെയ്യാനാകൂ. അതിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു.

ഈ ദൗത്യം ഏറ്റവും ഫലപ്രദമായി ഏറ്റെടുത്തുചെയ്യാൻ കഴിയുന്നത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്.

**കാരണങ്ങൾ**

1. തദ്ദേശീയമായ അറിവ് ഏറ്റവും കൂടുതൽ ശേഖരിക്കാൻ കഴിയുന്നത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്.
2. പ്രാദേശിക സർക്കാർ എന്ന നിലയിൽ പൈതൃകസ്മാരകങ്ങളെ സംരക്ഷിക്കാനും പരിപാലിക്കാനും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായ ബാധ്യതയും അധികാരവും അവകാശവുമുണ്ട്.
3. വിവിധ പദ്ധതികളിലുൾപ്പെടുത്തി വിഭവസമാഹരണത്തിനുള്ള സാദ്ധ്യതകൾ ഉണ്ട്.
4. വിവിധ ഏജൻസികളേയും പദ്ധതികളേയും സംയോജിപ്പിച്ച് പ്രവർത്തനം നടത്തുന്നതിന് ഏറ്റവും അനുയോജ്യം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളാണ്. ഉദാ. വിദ്യാലയങ്ങൾ, സാക്ഷരതാ തുടർവിദ്യാകേന്ദ്രങ്ങൾ, ഗ്രന്ഥശാലകൾ, സന്നദ്ധസംഘടനകൾ.
5. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് അനന്തസാധ്യതയുണ്ട്.

**പ്രാദേശിക പൈതൃകസ്മാരകങ്ങൾ എന്തൊക്കെ?**

1. നിർമിതികൾ - കോട്ടകൾ, കോവിലകങ്ങൾ, സത്രങ്ങൾ, ചുമടുതാങ്ങികൾ അടക്കം
2. മഹാശിലാസ്മാരകങ്ങൾ
3. മഹാന്മാരുടെ സന്ദർശനം കൊണ്ട് പ്രാധാന്യം കൈവന്ന സ്ഥലങ്ങൾ, സ്ഥാപനങ്ങൾ
4. ആരാധനാലയങ്ങൾ
5. ഹസ്തലിഖിത ഗ്രന്ഥങ്ങൾ

6. ആയുധങ്ങൾ, ഉപകരണങ്ങൾ, യന്ത്രങ്ങൾ

7. സർപ്പക്കാവുകൾ, കുളങ്ങൾ, ചിറകൾ

8. പഴയ പ്രസിദ്ധീകരണങ്ങൾ, പത്രവാർത്തകൾ

9. നാണയങ്ങൾ, സ്റ്റാമ്പുകൾ, ചിത്രങ്ങൾ....... തുടങ്ങിയവ

**പ്രയോജനം**

1. തദ്ദേശീയരിൽ നാട്ടറിവുകൾ, അഭിമാനബോധം, സാംസ്കാരിക നിലവാരം എന്നിവ ഉണർത്താനും വളർത്താനും വരുംതലമുറകൾക്ക് കൈമാറാനും സഹായകമാകും.

2. വിനോദസഞ്ചാരം ഇന്ന് ലോകവ്യാപകമായി വികേന്ദ്രീകരിക്കപ്പെട്ടിരിക്കുകയാണ്. ഒന്നോ രണ്ടോ സ്ഥലങ്ങളെ മാത്രം കേന്ദ്രീകരിച്ചുള്ള യാത്രകൾ ഇന്നില്ല. നാടിന്റെ തനിമകളും സംസ്കാരവും ജീവിതവും കലകളും പൈതൃകവുമൊക്കെ അന്വേഷിക്കുന്ന സഞ്ചാരികളുടെ എണ്ണം വർദ്ധിച്ചുവരുന്നു. പ്രാദേശിക/ആഭ്യന്തര വിനോദസഞ്ചാരം ഇന്ന് പ്രചാരം നേടിവരികയാണ്. വൃത്തിയായി, തനിമയോടെ സൂക്ഷിച്ചാൽ ഏതു പ്രദേശവും കേരളത്തിൽ വിനോദസഞ്ചാരത്തിന് ഉപയോഗപ്പെടുത്താൻ കഴിയും. അതിലൂടെ പ്രാദേശികമായ (mobility) ഉണർവും സാംസ്കാരിക വിനിമയവും വരുമാന വർദ്ധനവും സാധ്യമാകും-വ്യക്തികൾക്കും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും.

3. പ്രാദേശിക കാഴ്ചബംഗ്ളാവുകൾ സജ്ജീകരിക്കാൻ കഴിയും.

**എന്തൊക്കെ ചെയ്യാനാകും?**

1. വിവരശേഖരണം

2. ക്രോഡീകരണം

3. സംരക്ഷണം

4. പുനരുദ്ധാരണം

5. പരിപാലനം

6. വിവരവിനിമയം

**എങ്ങനെ**

1. വിദ്യാർത്ഥികൾ, തുടർവിദ്യാകേന്ദ്രം പ്രേരക്മാർ, സന്നദ്ധ പ്രവർത്തകർ എന്നിവരിലൂടെ വിവരശേഖരണം
2. ശേഖരിച്ച വിവരങ്ങളുടെ വിശകലനം, ആധികാരികത ഉറപ്പിക്കുന്നതിന് പ്രാദേശികചർച്ചകൾ, ശില്പശാലകൾ.
3. ക്രോഡീകരണം, വിദഗ്ദ്ധരുടെ സഹായത്തോടെ പൈതൃക ഭൂപടനിർമാണം
4. സംരക്ഷണം - അനുയോജ്യരൂപങ്ങളിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി.
5. പ്രസിദ്ധീകരണം - ലഘുലേഖകൾ, പുസ്തകങ്ങൾ, CD-ROM, ഡോക്യുമെന്ററി
6. പ്രദർശനങ്ങൾ - വെബ്സൈറ്റ്, സോഷ്യൽ മീഡിയ

**പ്രയോജനപ്പെടുത്താവുന്ന ഏജൻസികൾ/സ്ഥാപനങ്ങൾ**

1. വിദ്യാലയങ്ങൾ, കലാലയങ്ങൾ
2. തുടർവിദ്യാകേന്ദ്രങ്ങൾ (സാക്ഷരത)
3. നാഷണൽ സർവീസ് സ്കീം
4. സന്നദ്ധസംഘടനകൾ
5. ഗ്രന്ഥശാലകൾ
6. അക്ഷയകേന്ദ്രങ്ങൾ (Electronic support)
7. അധ്യാപകർ, ഗവേഷകർ

**പദ്ധതി രൂപീകരണം**

കല, സംസ്കാരം, വിദ്യാഭ്യാസം, വിനോദസഞ്ചാര വികസനം, പരിസ്ഥിതി സംരക്ഷണം, കൃഷി എന്നിങ്ങനെ അനുയോജ്യമായ വിഭാഗങ്ങളിൽ ഉൾപ്പെടുത്തി ഇതിനായി പദ്ധതികൾക്ക് രൂപം നൽകാവുന്നതാണ്.

2

# പൈതൃകം: നിർവചനം, സങ്കല്പനം

വർത്തമാന സന്ദർഭങ്ങളിൽ വ്യാപകമായി ഉപയോഗിച്ചുവരുന്ന പദങ്ങളിലൊന്നാണ് പൈതൃകം. നാട്ടുവർത്തമാനങ്ങളിൽ മുതൽ ഗൗരവമേറിയ അക്കാദമിക ചർച്ചകളിൽ വരെ 'പൈതൃകം' പലയാവർത്തി കടന്നുവരാറുണ്ട്. അതിന്റെ സങ്കല്പനപരമായ വ്യാപ്തിയോ പ്രയോഗപരമായ സാധുതയോ തിരിച്ചറിഞ്ഞു കൊണ്ടല്ല പല സന്ദർഭങ്ങളിലും ഈ പദം പ്രയോഗിക്കുന്നത്. ചിലപ്പോഴെങ്കിലും ആശയക്കുഴപ്പം ജനിപ്പിക്കുന്ന തരത്തിലും അത് പ്രത്യക്ഷപ്പെടാറുണ്ട്.

ആധുനികതയോടൊപ്പം പിറന്ന ദേശ-രാഷ്ട്രങ്ങളുടെ നിലനില്പിനും പഴമ ആവശ്യമായിരുന്നു. പാരമ്പര്യത്തെക്കുറിച്ചുള്ള അഭിമാനബോധത്തിൽ നിന്നാണല്ലോ ദേശീയതയും തഴച്ചുവളർന്നത്. പാരമ്പര്യവും പഴമയും നിലനിർത്തിക്കൊണ്ടു മാത്രമേ ആധുനിക സമൂഹത്തിന് മുന്നേറാനാവൂ. ആ ചിന്ത തന്നെയാണ് പൈതൃകാന്വേഷണത്തിന്റെയും അടിത്തറ.

**വാക്കിന്റെ ചരിത്രം**

ഹെറിറ്റേജ് എന്ന ഇംഗ്ലീഷ് പദത്തിന് സമാനമായാണ് പൈതൃകം എന്ന പദം മലയാളത്തിൽ ഉപയോഗിച്ചുപോരുന്നത്. 'പൂർവാർജിതസ്വത്തിന്റെ അവകാശി' എന്നർത്ഥം വരുന്ന ഹെറസ് (heres) എന്ന ലാറ്റിൻ പദത്തിലും പഴയ ഫ്രഞ്ചിലൂടെയും (വല്യശല്യേ) കടന്നുവന്നാണ് മധ്യകാല ഇംഗ്ലീഷിൽ 'ഹെറിറ്റേജ്' രൂപം പ്രാപിക്കുന്നത്. അനന്തരാവകാശമായി ലഭിച്ച സ്വത്ത്, തലമുറകളായി കൈമാറിവരുന്നതും അമൂല്യവുമായ വസ്തുക്കൾ, ഗുണങ്ങൾ എന്നൊക്കെയാണ് ഓക്സ്ഫർഡ് ഇംഗ്ലീഷ് നിഘണ്ടുവിൽ ഹെറിറ്റേജിന്റെ നിർവചനം. മലയാളത്തിൽ പൈതൃകം എന്ന വാക്കിന് ശ്രീകണ്ഠേശ്വരത്തിന്റെ 'ശബ്ദതാരാവലി' നല്കുന്ന അർത്ഥങ്ങളിൽ 'പൂർവികം' ആണ് കൂടുതൽ അനുയോജ്യം.

**നിർവചനങ്ങൾ**

ശബ്ദാർത്ഥം ഇവയൊക്കെയാണെങ്കിലും ഒരു സങ്കല്പനമെന്ന നിലയിൽ പൈതൃകത്തെ നിർവചിക്കുക ശ്രമകരമാണ്. വിശാലാർത്ഥത്തിൽ പൈതൃകമെന്നത് തലമുറകളായി കൈമാറിവരുന്ന സംസ്കാരത്തിന്റെ ഈടുവയ്പുകളാണ്. ബ്രിട്ടീഷ് സംസ്കാരപഠിതാവായ റെയ്മണ്ട് വില്യംസ് സംസ്കാരത്തെ 'സമഗ്രജീവിതം' എന്നാണ് നിർവചിക്കുന്നത്. ഈ സമഗ്രജീവിതം കാലത്തിന്റെ വഴികളിൽ ശേഷിപ്പിച്ചതൊക്കെയും പൈതൃകമാണെന്ന് പറയാം. കലാസൃഷ്ടികളും വാസ്തുശില്പ ങ്ങളും നേട്ടങ്ങളുമെല്ലാം ഇതിലുൾപ്പെടും.

പൂർവാർജിതസ്വത്ത് മാത്രമല്ല പൈതൃകം എന്ന് നോർമൻ ഫെയർക്ലോവ് സമർത്ഥിക്കുന്നു. അതിനെ സമൂഹം എങ്ങനെ പ്രയോജനപ്പെടുത്തുന്നു, പരിചരിക്കുന്നു എന്നതും പൈതൃകമാണ്. പൈതൃകം ഒരു പ്രക്രിയ (Process) കൂടിയാണ് എന്ന് സിദ്ധാന്തീകരിക്കുന്നു എന്നതാണ് ഈ നിർവചനത്തിന്റെ പുതുമ.

യുനസ്കോയുടെയും (*United Nations Educational, Scientific and Cultural Organization)* ഇകോമോസിന്റെയും (ICOMOS - International Council on Monuments and Sites) നേതൃത്വത്തിൽ പൈതൃകത്തിന് ഒരു പൊതുനിർവചനം കണ്ടെത്തുന്നതിനും അതിന്റെ സാധ്യതകൾ ആരായുന്നതിനുമുള്ള ശ്രമങ്ങൾ 1965 മുതൽ ആരംഭിച്ചതായി കാണാം. ചരിത്രസ്മാരകങ്ങളും കെട്ടിടങ്ങളുമാണ് പൈതൃകം എന്ന വെനീസ് ചാർട്ടറിന്റെ (1964) വ്യാഖ്യാനത്തെ 'സ്മാരകങ്ങളും സങ്കേതങ്ങളും' എന്ന് ഈ സംഘടനകൾ പുനർനിർവചിച്ചു. 1960 കളുടെ അവസാനത്തോടെ യുനസ്കോയും ഇകോമോസും വിഭിന്നങ്ങളായ നിർവചനങ്ങളിലേക്കെത്തി.

യുനസ്കോയ്ക്ക് പൈതൃകം 'സാംസ്കാരിക സമ്പത്തും' (Cultural Property) ഇകോമോസിന് 'സ്മാരകങ്ങളും സങ്കേത' (Monuments and Sites)ങ്ങളുമായി. 1972-ൽ യുനസ്കോയുടെ വേൾഡ് ഹെറിറ്റേജ് കൺവെൻഷൻ സാംസ്കാരിക പൈതൃ കത്തോടൊപ്പം പ്രകൃത്യാലുള്ള പൈതൃകങ്ങളും (Natural Heritage) ഉൾപ്പെടുത്തി പൈതൃകനിർവചനത്തെ ഒന്നുകൂടി വിപുലപ്പെടുത്തി. ഇകോമാസാകട്ടെ മൂന്നാമതൊരു വിഭാഗമായ കെട്ടിട സഞ്ചയത്തെക്കൂടി (Group of buildings) പൈതൃകങ്ങളുടെ

ഗണത്തിൽ ഉൾപ്പെടുത്തി. 20-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ പരിസ്ഥിതിയും (Environment) തൊട്ടനുഭവിക്കാൻ കഴിയാത്ത (intangible) പൈതൃകങ്ങളും അന്തർദേശീയമായിത്തന്നെ പൈതൃകങ്ങളായി അംഗീകരിക്കപ്പെട്ടു.

**പൈതൃകം-തൊട്ടനുഭവിക്കാൻ കഴിയുന്നവ, അല്ലാത്തവ**

പൈതൃകത്തെ തൊട്ടനുഭവിക്കാൻ കഴിയുന്നവ (tangible) യെന്നും അല്ലാത്തവ (intangible)യെന്നും പൊതുവായി വിഭജിക്കുന്നുണ്ട്. ഭൗതികവും നിയതവുമായ രൂപമുള്ള വസ്തുക്കളാണ് തൊട്ടനുഭവിക്കാൻ കഴിയുന്ന പൈതൃകങ്ങൾ. പുരാവസ്തുസങ്കേതങ്ങൾ, പുരാവശിഷ്ടങ്ങൾ, ചരിത്രപരമായ നിർമിതികൾ-പട്ടണങ്ങൾ, സാംസ്കാരിക ഭൂഭാഗങ്ങൾ, പ്രകൃത്യാലുള്ള പുണ്യപ്രദേശങ്ങൾ, ജലാന്തർഭാഗത്തുള്ള കപ്പൽച്ചേതംപോലെയുള്ള സാംസ്കാരിക അവശിഷ്ടങ്ങൾ, കാഴ്ചശാലകൾ, ശില്പങ്ങൾ-ചിത്രങ്ങൾ തുടങ്ങിയ കലാസൃഷ്ടികൾ, നാണയങ്ങൾ, ആയുധങ്ങൾ, പുരാരേഖകൾ, വേഷങ്ങൾ, ഉപകരണങ്ങൾ കൈവേലകൾ എന്നിവയൊക്കെ ഈ ഗണത്തിൽ ഉൾപ്പെടും. തലമുറകളായി കൈമാറിവരുന്നതും ഒരു സമൂഹം തങ്ങളുടെ സാംസ്കാരികപൈതൃകങ്ങളായി തിരിച്ചറിഞ്ഞതുമായ ആവിഷ്കാരങ്ങൾ, അറിവുകൾ, കൈമിടുക്കുകൾ എന്നിവയെയൊക്കെയാണ് സ്പർശവേദ്യമല്ലാത്ത പൈതൃകങ്ങളായി യുനസ്കോ കണക്കാക്കുന്നത്. വാമൊഴികൾ, ഭാഷ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ, ഐതിഹ്യങ്ങൾ, സംഗീതം, സാഹിത്യം എന്നിങ്ങനെ നീളുന്നു ആ പട്ടിക. ഈ രണ്ടുതരം പൈതൃകങ്ങളും ഇഴപിരിക്കാനാവാതെ ബന്ധപ്പെട്ടു കിടക്കുന്നു.

**പൈതൃകം ചരിത്രമാണോ?**

പൈതൃകം ചരിത്രമാണെന്ന ചിന്താക്കുഴപ്പം പലപ്പോഴും സംഭവിക്കുന്നതായി കാണാൻകഴിയും. കഴിഞ്ഞകാലസംഭവങ്ങളുടെ വ്യാഖ്യാനമെന്നനിലയിൽ, സംഭവിച്ചതാണ് ചരിത്രം എന്നു പറയാം. വസ്തുതകളും തെളിവുകളുമാണ് ചരിത്രകാരന്മാരുടെ ഉപകരണങ്ങൾ. തെളിവുകളൊന്നും അവശേഷിക്കാത്തതിനാൽ കഴിഞ്ഞകാലസംഭവങ്ങൾ പലതും ചരിത്രമായി രേഖപ്പെടുത്താറില്ല. എന്നാൽ രേഖപ്പെടാത്തതുകൊണ്ടുമാത്രം അത് ചരിത്രമല്ലാതാകുന്നുമില്ല. പുതിയ തെളിവുകളുടെ പിൻബലവും ലഭ്യമായ

തെളിവുകളുടെതന്നെ പുനർവ്യാഖ്യാനവും ചരിത്രം പുതുക്കിയെഴുതപ്പെടുന്നതിന് കാരണമാകാറുണ്ട്. വിവിധസമൂഹങ്ങളുടെ താല്പര്യങ്ങളും സമ്മർദങ്ങളും ഇത്തരം തിരുത്തിയെഴുത്തിലേക്ക് നയിച്ചേക്കാം.

പോയകാലത്തിന്റെ വിശ്വസനീയമായ പാഠഭേദമല്ല പൈതൃകം. കാര്യ-കാരണ ബന്ധത്തെ മുൻനിർത്തി അവയെ പരിശോധിക്കുകയും സാധ്യമല്ല. അതുകൊണ്ടുതന്നെ ഭൂതകാല വിശ്വാസങ്ങളുടെ പ്രഖ്യാപനമാണ് പൈതൃകമെന്ന് ഡേവിഡ് ലോവന്തോൾ വ്യാഖ്യാനിക്കുന്നു. ചരിത്രത്തിൽനിന്ന് വിഭിന്നമായി പൈതൃകങ്ങൾ തിരുത്തലുകൾക്ക് എളുപ്പം വഴങ്ങും. ഭൂതകാല സംഭവങ്ങളല്ല, അവയുടെ അവശേഷിപ്പുകളാണ് പൈതൃകങ്ങൾ. അതിനാൽ പൈതൃകം സ്വയം ചരിത്രമല്ല.

**പൈതൃകം - പുതുസമീപനങ്ങൾ**

പൈതൃകത്തെക്കുറിച്ചുള്ള നവീനമായ പല സമീപനങ്ങളും ഇന്ന് ഉയർന്നുവരുന്നുണ്ട്. വർധിച്ച പാരിസ്ഥിതികാവബോധത്തിന്റെ വെളിച്ചത്തിൽ സുസ്ഥിരവികസനത്തെകുറിച്ച് നടക്കുന്ന സംവാദങ്ങൾ ഇതിനുദാഹരണമാണ്. പ്രത്യേക പാരിസ്ഥിതിക മേഖലകൾ, ജൈവസമ്പത്ത് എന്നിവയൊക്കെ പൈതൃകമെന്ന നിലയിൽ സംരക്ഷിക്കേണ്ടതാണെന്ന തിരിച്ചറിവും ഇന്ന് രൂപപ്പെടുന്നുണ്ട്. നിലനില്പിനെക്കുറിച്ചുള്ള ആശങ്കയും വർത്തമാനകാലത്ത് അനുഭവിക്കുന്ന പ്രതിസന്ധികളുമാണ് സമൂഹത്തെ ഈ അവബോധത്തിലേക്ക് നയിക്കുന്നത്.

**പൈതൃകമൂല്യം**

പൈതൃകത്തിൽ സംസ്കാരം, സൗന്ദര്യം, വിദ്യാഭ്യാസം, ചരിത്രം, സാമ്പത്തികം എന്നിങ്ങനെയുള്ള മൂല്യങ്ങൾ ഉൾച്ചേർന്നിട്ടുണ്ട്. ഇവയിൽ സഹജമായ (intrinsic) മൂല്യങ്ങളാണ് സാംസ്കാരികം, സൗന്ദര്യപരം തുടങ്ങിയവ. വിദ്യാഭ്യാസപരം, ചരിത്രപരം, സാമ്പത്തികം എന്നീ മൂല്യങ്ങൾ സ്ഥാപനപരവും (institutional) ഉപയോഗത്തെക്കുറിക്കുന്നതുമാണ് (instrumental). ഇവയിൽ, രാഷ്ട്രം പ്രാധാന്യവും പരിഗണയും നൽകുന്നത് സ്ഥാപനപരവും ഉപയോഗപരവുമായ മൂല്യങ്ങൾക്കാണ്.

*ഒരു സംഗീതോപകരണം സംരക്ഷിക്കുക എന്നാൽ കേവലമായി അതിനെ മാത്രം സംരക്ഷിക്കുകയല്ല, മറിച്ച് അത് ആര്, ഏതു സന്ദർഭത്തിൽ, എങ്ങനെ നിർമിക്കുന്നുവെന്നും; ആര്, ഏതു സന്ദർഭത്തിൽ, എന്തിനു വേണ്ടി, എങ്ങനെ ഉപയോഗിക്കുന്നുവെന്നും; അതു പുറപ്പെടുവിക്കുന്ന സംഗീതത്തിന്റെ സവിശേഷതകളെന്തെന്നും തുടങ്ങി അതുമായി ബന്ധപ്പെട്ട സമസ്തവിവരങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ട് എന്നർത്ഥം*

പൈതൃകങ്ങളുടെ ഉയർന്ന സാമ്പത്തികമൂല്യം ലോകവ്യാപകമായി ഇന്ന് തിരിച്ചറിയപ്പെട്ടിട്ടുണ്ട്. പൈതൃകമൂല്യത്തിന്റെ വിപണനം വിനോദസഞ്ചാരത്തെ കേന്ദ്രീകരിച്ചാണ് വികസിച്ചുകൊണ്ടിരിക്കുന്നത്. സാംസ്കാരിക വിനോദസഞ്ചാരത്തിന്റെ ഭാഗമായി പൈതൃകവിനോദസഞ്ചാരം എന്ന സംജ്ഞതന്നെ ഈ നിലയിൽ രൂപപ്പെട്ടതാണ്. സൗന്ദര്യപരവും ബൗദ്ധികവും മാനസികവുമായ സാംസ്കാരികാനുഭവങ്ങൾക്കായുള്ള അന്വേഷണവും അതിലുള്ള പങ്കാളിത്തവുമാണ് സാംസ്കാരിക വിനോദസഞ്ചാരം. ഒരു സമൂഹം മൂല്യം കല്പിക്കുന്നതും അനന്തരതലമുറയ്ക്കായി കാത്തുപോരുന്നതുമായ സംസ്കാരഘടകങ്ങളാണ് പൈതൃകവിനോദസഞ്ചാരത്തിന്റെ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നത്. ഭരണകൂടങ്ങൾ തങ്ങളുടെ ദേശീയ പൈതൃകങ്ങൾ പ്രത്യേകമായി ഒരുക്കി സഞ്ചാരികളെ ആകർഷിക്കാൻ ശ്രമിക്കുന്നു. ഇതിനായി എല്ലാ പ്രചാരണമാധ്യമങ്ങളെയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. ഈ കേന്ദ്രങ്ങളിലേക്കുള്ള ജനങ്ങളുടെ പോക്കുവരവുകൾ വഴി സമ്പത്തിന്റെ വിനിമയവും സ്വരൂപണവും നടക്കുന്നു. ഇത് പൊതുസാമ്പത്തികവളർച്ചയെ സഹായിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ പൈതൃകവിനോദസഞ്ചാരം പൈതൃകത്തിന്റെ നിലനില്പിനെ അപകടപ്പെടുത്തുകയും പരിസ്ഥിതിനാശത്തിന് വഴിവയ്ക്കുകയും സാമ്പത്തികനഷ്ടത്തിന് കാരണമാകുകയും ചെയ്യുന്നുണ്ടെന്ന വിമർശനവും നിലനിൽക്കുന്നു.

**പൈതൃകസംരക്ഷണം**

എന്തൊക്കെ സംരക്ഷിക്കണം, എങ്ങനെയൊക്കെ സംരക്ഷിക്കണം എന്നീ ചോദ്യങ്ങൾ ഇന്ന് സജീവ ചർച്ചാവിഷയമാണ്.

തൊട്ടനുഭവിക്കാനാവുന്നവയായാലും അല്ലാത്തവയായാലും 'വസ്തു' (thing) മാത്രമല്ല അവയുടെ സന്ദർഭനിഷ്ഠമായ എല്ലാ വിവരങ്ങളും പൈതൃകങ്ങൾക്കൊപ്പം സംരക്ഷിക്കപ്പെടണമെന്ന അഭിപ്രായം കലാ-സാഹിത്യ-ചരിത്ര-സാമൂഹ്യശാസ്ത്ര- നരവംശ വിദഗ്ധരും പുരാതത്വഗവേഷകരും മുന്നോട്ടുവച്ചു. ഉദാഹരണമായി ഒരു സംഗീതോപകരണം സംരക്ഷിക്കുക എന്നാൽ കേവലമായി അതിനെ മാത്രം സംരക്ഷിക്കുകയല്ല, മറിച്ച് അത് ആര്, ഏതു സന്ദർഭ ത്തിൽ, എങ്ങനെ നിർമിക്കുന്നുവെന്നും; ആര്, ഏതു സന്ദർഭത്തിൽ, എന്തിനുവേണ്ടി, എങ്ങനെ ഉപയോഗിക്കുന്നുവെന്നും; അതു പുറപ്പെടുവിക്കുന്ന സംഗീതത്തിന്റെ സവിശേഷതകളെന്തെന്നും തുടങ്ങി അതുമായി ബന്ധപ്പെട്ട സമസ്ത വിവരങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ട് എന്നർത്ഥം. അല്ലാത്തപക്ഷം ആ ഉപകരണത്തിന്റെ മാത്രമായ സംരക്ഷണം അർത്ഥരഹിതമായി ത്തീരും. സംരക്ഷിക്കപ്പെടേണ്ട പൈതൃകങ്ങളുടെ തെരഞ്ഞെടുപ്പി നുള്ള മാനദണ്ഡങ്ങളും ഈ ഘട്ടത്തിൽ ആലോചനാവിധേയമായി. എല്ലാ പൈതൃകങ്ങളും സംരക്ഷിച്ചുനിർത്തേണ്ടതില്ലെന്നും അപൂർവമായതും സാമൂഹികവികാസത്തെ വരച്ചുകാട്ടാൻ കഴിയുന്ന പ്രസക്തിയും പ്രാതിനിധ്യസ്വഭാവവുമുള്ളവ മാത്രം നിലനിർത്തി യാൽ മതിയെന്നുമുള്ള കാഴ്ചപ്പാടിലേക്കാണ് ഇതെത്തിച്ചേർന്നത്. എന്നാൽ പൈതൃകങ്ങൾക്ക് രാഷ്ട്രത്തിന്റെയോ സ്ഥാപനങ്ങളു ടെയോ സംരക്ഷണം ആവശ്യമാണെന്നത് പഴയ കാഴ്ചപ്പാടാണെന്ന വിമർശനവുമുണ്ട്. സമൂഹം വിവിധതരത്തിൽ മൂല്യംകല്പിക്കുന്ന പൈതൃകങ്ങൾ ദേശാതീതമായും പ്രാദേശികമായും നിലനില്ക്കുക തന്നെ ചെയ്യും എന്നതാണ് പുതിയ വാദം. അവയുടെ നിലനില്പിന് രാഷ്ട്രത്തിന്റെയോ സ്ഥാപനങ്ങളുടെയോ സഹായം ആവശ്യമില്ല. അതിരുകളിലേക്ക് മാറ്റപ്പെട്ട പൈതൃകങ്ങൾ കേന്ദ്രബിന്ദുക്കളായി മാറുകയും ദേശീയപൈതൃകമെന്ന മുദ്ര നേർത്തുപോകുകയും ചെയ്യുന്നത് ഇത്തരത്തിലാണ്.

# 3

# സാംസ്കാരിക പൈതൃക സംരക്ഷണം: പ്രസക്തിയും പ്രാധാന്യവും

ഒരുജനതയുടെ സംസ്കാരം ഏതാനും നാളുകൾകൊണ്ട് രൂപപ്പെടുന്നതല്ല. നൂറ്റാണ്ടുകൾനീണ്ട ഭൗതിക, ആത്മീയ, പാരിസ്ഥിതിക, വിദ്യാഭ്യാസ പ്രവർത്തനങ്ങളുടേയും പ്രതിപ്രവർത്തനങ്ങളുടേയും വ്യത്യസ്ത സംസ്കാരങ്ങൾക്കിടയിലെ ആദാനപ്രദാനങ്ങളുടേയും മഹദ്ശ്രമങ്ങളുടേയും പരിണതഫലമാണത്. ഇങ്ങനെ രൂപപ്പെടുന്ന സംസ്കാരം തികച്ചും ചലനാത്മകമായിരിക്കും. അതുകൊണ്ടു തന്നെ അതിൽ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടേയിരിക്കും. ചിലത് പുരോഗമനപരവും മറ്റു ചിലത് അപചയപരവും ആയിരിക്കാം. പക്ഷേ സാംസ്കാരികതയുടെ മുഖമുദ്രയായ അതിന്റെ സ്വഭാവം തുടർച്ചയുള്ള ഒന്നാണ്. അതിനെയാണ് നാം സംസ്കാരം എന്ന് പൊതുവിൽ പറയുന്നത്.

ഈ സംസ്കാരം ഉരുത്തിരിഞ്ഞുവന്ന പൈതൃക വഴികൾക്ക് തീർച്ചയായും വലിയ പ്രാധാന്യമുണ്ട്. ഈ വഴികളുടെ ബാഹ്യചിഹ്നങ്ങളാണ് പ്രാദേശികമായ സാംസ്കാരിക ഇടങ്ങൾ. സംസ്കാരരൂപീകരണത്തിൽ പങ്കുള്ള നിർമിതികൾ, സ്വാഭാവികഇടങ്ങൾ, കലാ സാംസ്കാരിക കാർഷികരൂപങ്ങൾ എന്നിവയെയാണ് സാംസ്കാരിക ഇടങ്ങൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. സാംസ്കാരിക സംഭവങ്ങളുടേയും മഹദ്വ്യക്തികളുടേയും മറ്റും സ്മരണകളുയർത്തുന്നവയും ഇക്കൂട്ടത്തിൽപ്പെടും.

ഇത്തരം സാംസ്കാരിക ഇടങ്ങൾ മിക്കതും വേണ്ടത്ര ശ്രദ്ധ ലഭിക്കാതെ നാശോന്മുഖമായ അവസ്ഥയിലാണ് . പലതിന്റേയും പ്രാധാന്യം നാം തിരിച്ചറിഞ്ഞിട്ടില്ല. കണ്ടെത്താതെ അവശേഷിക്കുന്നവയും ധാരാളം. ഇവയൊക്കെ അടുത്ത തലമുറകളിലേക്ക് സംരക്ഷിക്കേണ്ടത് സംസ്കാരമുള്ള ഒരു ജനതയുടെ കർത്തവ്യമാണ്. അതുകൊണ്ടുതന്നെ അനിവാര്യമായ സാംസ്കാരിക പ്രവർത്തന

*അന്യസംസ്കാരങ്ങളിൽ നിന്ന് കടന്നുകയറുന്ന പ്രവണതകളിൽ മാത്രമല്ല നാം അനുവർത്തിക്കുന്ന രീതികളിൽപ്പോലും നമ്മുടെ തനതു സാംസ്കാരികതയ്ക്ക് വിരുദ്ധമായവയെ തള്ളിക്കളയാൻ പൈതൃകം നമ്മെ സഹായിക്കും. നമ്മുടെ പൈതൃകത്തിന്റെ ഒരടയാളമായ കാവുകളെ സംരക്ഷിക്കുമ്പോൾ, പുനഃസൃഷ്ടിക്കുമ്പോൾ നാം തിരിച്ചു നടക്കുന്നത് നമ്മുടെ സംസ്കാരത്തിന്റെ ആ പൂർവ്വികനന്മയിലേക്കാണ്. ഇങ്ങനെ സാംസ്കാരികപൈതൃകസംരക്ഷണപ്രവർത്തനം ഒരു സാംസ്കാരിക നവീകരണപ്രവർത്തനം കൂടിയായിത്തീരുന്നു.*

മായി പൈതൃകസംരക്ഷണം പ്രാദേശിക സർക്കാറുകൾ ഏറ്റെടുക്കേണ്ടതുണ്ട്. ഈ സംരക്ഷണത്തിന് നാല് തലങ്ങളുണ്ട്.

**1. സംസ്കാര സംരക്ഷണം**

സംസ്കാരം എന്നത് നിശ്ചലാവസ്ഥയിലുള്ള ഒന്നല്ല എന്നും അത് നിരന്തരമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ് എന്നും നമുക്കറിയാം. ഈ മാറ്റങ്ങളുടെ ഗുണദോഷ സ്വാധീനങ്ങൾക്കിടയിലും അതിന്റെ മുഖമുദ്രയായ സ്വഭാവം തുടർച്ചയുള്ളതും തനതും ആണെന്നും നാം തിരിച്ചറിയുന്നു. മുൻപു പറഞ്ഞ മാറ്റങ്ങളെ നാം സ്വീകരിക്കുന്നതും തള്ളിക്കളയുന്നതും സംസ്കാരത്തിന്റെ ഈ തനതുസ്വഭാവവുമായി തട്ടിച്ചുനോക്കിയാണ്- വിരുദ്ധമായവയെ തള്ളുന്നു; ചേർന്നുപോകുന്നവയെ കൊള്ളുന്നു. ഇതിന് നാം പ്രാപ്തമാവുന്നത് ആ സ്വഭാവത്തെ വേർതിരിച്ച് അറിയുമ്പോഴാണ്. ഇങ്ങനെ തിരിച്ചറിയാൻ വേണ്ടത് അത് ഉരുത്തിരിഞ്ഞ വഴികളറിയുകയാണ്. ഈ വഴികളാണ് പൈതൃകമെന്ന് വിവക്ഷിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ പൈതൃകത്തെ സംരക്ഷിക്കുമ്പോൾ സംസ്കാരത്തെതന്നെയാണ് നാം സംരക്ഷിക്കുന്നത്.

**2. സംസ്കാരിക നവീകരണം**

അന്യസംസ്കാരങ്ങളിൽ നിന്ന് കടന്നുകയറുന്ന പ്രവണതകളിൽ മാത്രമല്ല നാം അനുവർത്തിക്കുന്ന രീതികളിൽപ്പോലും നമ്മുടെ തനതുസാംസ്കാരികതയ്ക്ക് വിരുദ്ധമായവയെ തള്ളിക്കളയാൻ പൈതൃകം നമ്മെ സഹായിക്കും. നമ്മുടെ പൈതൃകത്തിന്റെ ഒരടയാളമായ കാവുകളെ സംരക്ഷിക്കുമ്പോൾ, പുനഃസൃഷ്ടിക്കുമ്പോൾ നാം തിരിച്ചു നടക്കുന്നത് നമ്മുടെ സംസ്കാരത്തിന്റെ

*സംസ്കാരം നശിച്ചാൽ ഒരു ജനത നശിച്ചു വെന്ന വസ്തുത നാം വിസ്മരിക്കുകയാണ്. സ്വന്തം സംസ്കാരത്തിൽ അഭിമാനിക്കുന്ന ഒരു ജനതയ്ക്കുമാത്രമേ അതിന്റെ തനിമ കാത്തു സൂക്ഷിക്കാൻ കഴിയൂ. അതിനുള്ള ഏറ്റവും ലളിതമായ വഴി സംസ്കാരത്തിന്റെ പൈതൃകമാതൃകകളെ സംരക്ഷിക്കുകയാണ്.*

ആ പൂർവ്വികനന്മയിലേക്കാണ്. ഇങ്ങനെ സാംസ്കാരിക പൈതൃകസംരക്ഷണപ്രവർത്തനം ഒരു സാംസ്കാരിക നവീകരണ പ്രവർത്തനം കൂടിയായിത്തീരുന്നു.

**3. സംസ്കാരത്തിന്റെ കൈമാറ്റം**

ഒരു ജനതയുടെ സംസ്കാരം അടുത്ത തലമുറയിലേക്ക് സന്നിവേശിപ്പിക്കുന്നതിനുള്ള ഏറ്റവും വസ്തുനിഷ്ഠമായ മാർഗമാണ് പൈതൃക സംരക്ഷണം.

**4. സംസ്കാരമുള്ള ജനതയുടെ മുഖമുദ്ര**

ഉന്നതമായ മൂല്യങ്ങളിൽ നിന്നും സമ്പന്നമായ മാതൃകകളിൽ നിന്നും സമീകൃതമായ കാഴ്ചപ്പാടുകളിൽ നിന്നും ഉരുത്തിരിഞ്ഞു വന്നതാണ് പുരാതനമായ നമ്മുടെ സംസ്കാരം.

സംസ്കാരം നശിച്ചാൽ ഒരു ജനത നശിച്ചുവെന്ന വസ്തുത നാം വിസ്മരിക്കുകയാണ്. സ്വന്തം സംസ്കാരത്തിൽ അഭിമാനിക്കുന്ന ഒരു ജനതയ്ക്കുമാത്രമേ അതിന്റെ തനിമ കാത്തു സൂക്ഷിക്കാൻ കഴിയൂ. അതിനുള്ള ഏറ്റവും ലളിതമായ വഴി സംസ്കാരത്തിന്റെ പൈതൃക മാതൃകകളെ സംരക്ഷിക്കുകയാണ്.

പൈതൃക സംരക്ഷണത്തിന് ആറു തലങ്ങളുണ്ട്.

**1. ചരിത്രപരം:**

നൂറ്റാണ്ടുകളുടെ ചരിത്രപാരമ്പര്യമുള്ള ഒരു ജനതയാണ് നാം. ഓരോ ജനതയും രൂപപ്പെട്ടുവന്ന വഴികളുടെ അന്വേഷണം ലോകമെമ്പാടും അനുസ്യൂതം നടന്നുകൊണ്ടിരിക്കുകയാണ്. ചരിത്രവും

സംസ്കാരവും തമ്മിലുള്ള നാഭീനാള ബന്ധം കണ്ടെത്തുന്നതിന് സാംസ്കാരിക പൈതൃകയിടങ്ങൾ സംരക്ഷിക്കേണ്ടതുണ്ട്.

**2. പാരിസ്ഥിതികം**

അങ്ങേയറ്റം പരിസ്ഥിതിസൗഹൃദപരമായ ഒരു സംസ്കാരമാണ് നമ്മുടേത്. മറ്റു ജീവജാലങ്ങൾക്കും മനുഷ്യനോടൊപ്പം പ്രാധാന്യം നൽകിയ, തോടുകളും കുളങ്ങളും സംരക്ഷിച്ചിരുന്ന, കാവുകൾക്കും കാടിനും പവിത്രത കൽപ്പിച്ചിരുന്ന ഒരു സംസ്കാരമാണ് നമ്മുടേത്. പൈതൃക പ്രാധാന്യമുള്ള ഇത്തരം ഇടങ്ങൾ സംരക്ഷിക്കുന്ന പ്രവർത്തനം പരിസ്ഥിതി സംരക്ഷണം കൂടിയായി മാറുന്നു.

**3. സാമൂഹിക സമന്വയം**

മത്സരമല്ല, സഹവർത്തിത്തമാണ് നമ്മുടെ പൈതൃകം. ഇഴപിരിക്കാനാകാത്തവിധം നമ്മുടെ സംസ്കാരത്തിൽ അലിഞ്ഞു ചേർന്ന ബഹുസ്വരതയുടെ ആ പാരമ്പര്യത്തെ ആത്മാഭിമാനത്തോടെ ആശ്ളേഷിക്കാൻ പൈതൃകസംരക്ഷണം അനിവാര്യമാണ്.

**4. സാമ്പത്തികം**

സാമ്പത്തിക പ്രയോജനമൂല്യത്തിന്റെ മാത്രം അടിസ്ഥാനത്തിൽ പൈതൃകത്തിന് വിലകല്പിക്കുന്ന സാംസ്കാരിക അപചയത്തിനെതിരെയുള്ള ഒരു പ്രവൃത്യുന്മുഖപരിപാടി കൂടിയാണ് പൈതൃക സംരക്ഷണം. നന്നായി ആസൂത്രണം ചെയ്താൽ, സാമ്പത്തികബാധ്യതയ്ക്കു പകരം ഇതൊരു സാമ്പത്തികസ്രോതസ്സായി പരിണമിക്കും. വ്യത്യസ്തതലങ്ങളിൽ ഈ പ്രവർത്തനം നമ്മുടെ സമ്പദ്‌വ്യവസ്ഥയ്ക്ക് ഉണർവേകും.

**5. സ്വാശ്രയത്വം**

ഉപ്പും മുളകുമടക്കം സകല നിത്യോപയോഗ ഭക്ഷ്യവസ്തുക്കൾക്കും മറ്റുസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളത്തിന്റെ ഉപഭോഗസംസ്കാരം ഭയാനകമായ ഒരു പതനത്തിലാണ് എത്തിനിൽക്കുന്നത്. തമിഴ്നാടും കർണാടവും കനിഞ്ഞില്ലെങ്കിൽ നമ്മുടെ അടുപ്പ് പുകയില്ലെന്നതാണ് സ്ഥിതി. ഉല്പാദന സംസ്കാരത്തിന്റെ വീണ്ടെടുപ്പുമാത്രമാണ് ഈ പ്രതിസന്ധിക്കൊരു പോംവഴി. അതിലേക്കുള്ള ചവിട്ടുപടിയെന്ന നിലയിൽ പൈതൃകസംരക്ഷണ പ്രവർത്തനങ്ങൾ സ്വാശ്രയത്വത്തിന്റെ ആണിക്കല്ലായിത്തീരും.

*നൂറ്റാണ്ടുകളുടെ ചരിത്രപാരമ്പര്യമുള്ള ഒരു ജനതയാണ് നാം. ഓരോ ജനതയും രൂപപ്പെട്ടുവന്ന വഴികളുടെ അന്വേഷണം ലോകമെമ്പാടും അനുസ്യൂതം നടന്നുകൊണ്ടിരിക്കുകയാണ്. ചരിത്രവും സംസ്കാരവും തമ്മിലുള്ള നാഭീനാള ബന്ധം കണ്ടെത്തുന്നതിന് സാംസ്കാരിക പൈതൃകയിടങ്ങൾ സംരക്ഷിക്കേണ്ടതുണ്ട്.*

**6. ആത്മാഭിമാനപരം**

നാടിന്റെ മഹത്തായ സംസ്കാരികപാരമ്പര്യം വിനിയമം ചെയ്യുന്നതിലൂടെ നാടിന്റെ ആത്മാഭിമാനം ഉയർത്താനും സ്വയംബോധ്യപ്പെടാനും പൈതൃക സംരക്ഷണ പ്രവർത്തനം സഹായകമാവും.

ഈ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ പ്രാദേശികസർക്കാരുകൾക്ക് മാത്രമേ സാധിക്കൂ. കാരണം ഓരോ പ്രദേശത്തിന്റേയും സംസ്കാരികപൈതൃകം അന്നാടിന്റേയും നാട്ടുകാരുടേയും സ്വത്താണ്. അവ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള വിഭവങ്ങളും സ്വാതന്ത്ര്യവും അവകാശവും പ്രാദേശിക സർക്കാരുകൾക്കുണ്ട്.

# 4

# പൈതൃക സംരക്ഷണം, പദ്ധതിനിർവഹണം, മോണിറ്ററിംഗ്

## മോണിറ്ററിങ്ങ് സമിതികളുടെ ഘടനയും ചുമതലകളും

തദ്ദേശസ്വയംഭരണസ്ഥാപനതലത്തിലും ജില്ലാതലത്തിലും പ്രോജക്ട് നിർവഹണത്തിനും തുടർസംരക്ഷണത്തിനും മേൽനോട്ടത്തിനുമായി ജനപ്രതിനിധികളും വിദ്ഗദ്ധരും സന്നദ്ധ സംഘടനാ പ്രതിനിധികളും ഉദ്യോഗസ്ഥരുമുൾപ്പെടുന്ന സമിതികൾ രൂപീകരിക്കാവുന്നതാണ്.

പദ്ധതിയുടെ നിർവഹണചുമതല ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയ്ക്കാണ്. ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, സംസ്ഥാന സർക്കാർ എന്നിവയുടെ സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ അതിനായി സ്വീകരിക്കാവുന്നതാണ്. അതത് പ്രദേശത്തെ ഈ മേഖലയിലെ സാങ്കേതിക-അക്കാദമിക വിദഗ്ദ്ധരുടെ സഹായം പ്രോജക്ട് നിർവഹണത്തിൽ ലഭ്യമാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾ ശ്രദ്ധിക്കണം.

തദ്ദേശസ്വയംഭരണസ്ഥാപനതലത്തിലും ജില്ലാതലത്തിലും മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണം. പൈതൃക നിർമ്മിതികളും പ്രദേശങ്ങളും കലാ, സാഹിത്യ സാസ്കാരിക പാരമ്പര്യവും സംരക്ഷിക്കുന്നതു സംബന്ധിച്ച് ജനങ്ങളിലുണ്ടാകുന്ന ആശങ്കകൾ പരിഹരിക്കാൻ ആവശ്യമായ ബോധവൽക്കരണവും ഈ സമിതിയുടെ നേതൃത്വത്തിൽ നടത്താവുന്നതാണ്.

ഇത്തരം പ്രോജക്ടുകളുടെ സംരക്ഷണത്തിന് പ്രാദേശിക ജനസമൂഹത്തിന്റെ പങ്കാളിത്തത്തോടുകൂടിയ സംവിധാനങ്ങൾക്ക് രൂപം നൽകണം. നിർവഹണത്തിനും പരിപാലനത്തിനുമായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് /മുനിസിപ്പൽ ചെയർമാൻ/ കോർപ്പറേഷൻ മേയർ ചെയർമാനായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കമ്മിറ്റി

രൂപീകരിക്കണം. പൈതൃക ഇടങ്ങളിൽ വാർഡ്മെമ്പർ ചെയർമാനായി നിർവഹണ കമ്മിറ്റിയും ഉണ്ടാകണം.

പദ്ധതിനിർവഹണ കാലഘട്ടത്തിലും സംരക്ഷണത്തിനും ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം ഉണ്ടായിരിക്കണം. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിദഗ്ദ്ധർ, സന്നദ്ധപ്രവർത്തകർ എന്നിവരടങ്ങുന്നതായിരിക്കണം മോണിറ്ററിംഗ് സംവിധാനം. പദ്ധതിനിർവഹണത്തിന്റെ പ്രാഥമികഘട്ടം മുതൽ നിർവഹണത്തിന്റെ സാങ്കേതികമേന്മയും സമയബന്ധിതമായ പൂർത്തീകരണവും ഉറപ്പുവരുത്താൻ ഇതിലൂടെ സാധിക്കണം. പദ്ധതികലണ്ടറിനനുസൃതമായി നിർവഹണപ്രവൃത്തികൾ പുരോഗമിക്കുന്നതിന് കാര്യക്ഷമമായ മോണിറ്ററിംഗ് പ്രധാനപ്പെട്ട ഘടകമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനം, ജില്ല, സംസ്ഥാന തലങ്ങളിൽ രൂപീകരിക്കേണ്ട സമിതികളുടെ ഘടന:

**പൈതൃകസംരക്ഷണം – നിർവഹണ, മോണിറ്ററിംഗ് സമിതികൾ**

**1. പ്രാദേശിക പൈതൃക സംരക്ഷണസമിതി**

അദ്ധ്യക്ഷൻ – വാർഡ്മെമ്പർ

അംഗങ്ങൾ

1. പൈതൃക ഇടത്തിന്റെ പ്രതിനിധികൾ (2)
2. പൈതൃക സംരക്ഷണത്തിൽ താല്പര്യമുള്ള രണ്ട് സന്നദ്ധപ്രവർത്തകർ
3. കുടുംബശ്രീ പ്രതിനിധി
4. തുടർവിദ്യാകേന്ദ്രം പ്രേരക്

കൺവീനർ – സ്ഥലത്തെ പൈതൃക സംരക്ഷണത്തിൽ താല്പര്യമുള്ള മുതിർന്ന സന്നദ്ധപ്രവർത്തക/ൻ

ഈ സമിതി പ്രവൃത്തി നടക്കുന്ന കാലഘട്ടത്തിൽ ചുരുങ്ങിയത് രണ്ടാഴ്ചയിലൊരിക്കൽ യോഗം ചേർന്ന് പൈതൃകസംരക്ഷണത്തിനു വേണ്ട നിർദേശങ്ങളും തീരുമാനങ്ങളും കൈക്കൊള്ളേണ്ടതാണ്.

സമിതിയുടെ ചുമതലകൾ

1. വിവരശേഖരണം
2. സംരക്ഷണ തന്ത്രങ്ങൾ ആവിഷ്കരിക്കൽ
3. നിർവഹണം
4. വിഭവ ശേഖരണം
5. പരിപാലനം
6. മേൽനോട്ടം, മോണിറ്ററിംഗ്
7. ബോധവൽക്കരണം, പ്രചാരണ പരിപാടികൾ

**2. തദ്ദേശസ്വയംഭരണസ്ഥാപനതല നിർവഹണ സമിതി**

പൈതൃക നിർമിതിയോ, പ്രദേശങ്ങളോ ഉള്ള എല്ലാ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളും പൈതൃക സംരക്ഷണപദ്ധതിയുടെ ഫലപ്രദ മായ നിർവഹണത്തിനും സംരക്ഷണത്തിനും മോണിറ്ററിംഗിനും പ്രത്യേകം സമിതി രൂപീകരിക്കേണ്ടതാണ്.

അദ്ധ്യക്ഷൻ: ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

അംഗങ്ങൾ:

1 വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
2 വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
3. പൈതൃകസംരക്ഷണയിടങ്ങൾ ഉള്ള വാർഡുകളിലെ വാർഡ്മെമ്പർമാർ
4. പൈതൃക സംരക്ഷണമേഖലയിലെ രണ്ട് വിദഗ്ദ്ധർ (ലഭ്യ മാണെങ്കിൽ)
5. തുടർവിദ്യാഭ്യാസകേന്ദ്രം നോഡൽ പ്രേരക്
6. കുടുംബശ്രീ പ്രതിനിധി
7. പൈതൃകസംരക്ഷണത്തിൽ താൽപ്പര്യമുള്ള, സ്ഥലത്തെ രണ്ട് പ്രധാന സാംസ്കാരിക, സാമൂഹിക/അക്കാദമിക പ്രവർത്തകർ
8. മാധ്യമപ്രവർത്തകരുടെ പ്രതിനിധി
9. അസിസ്റ്റന്റ് എഞ്ചിനീയർ (തദ്ദേശസ്വയംഭരണ സ്ഥാപനം),

കൺവീനർ: തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറി

കോ-ഓർഡിനേറ്റർ: പൈതൃകസംരക്ഷണത്തിൽ താല്പര്യമുള്ള സാംസ്കാരിക പ്രവർത്തക/ൻ

ഈ സമിതി, പ്രവൃത്തി നടക്കുന്ന കാലഘട്ടത്തിൽ ചുരുങ്ങിയത് മാസത്തിലൊരിക്കലും അതിനുശേഷം മൂന്ന് മാസത്തിലൊരിക്കലും യോഗം ചേർന്ന് പൈതൃക സംരക്ഷണത്തിനു വേണ്ട നിർദ്ദേശങ്ങളും തീരുമാനങ്ങളും കൈക്കൊള്ളേണ്ടതാണ്.

ചുമതലകൾ

1. തങ്ങളുടെ പ്രദേശത്തെ പൈതൃകസംരക്ഷണപ്രാധാന്യമുള്ള നിർമിതികൾ, സ്ഥലങ്ങൾ, കലാരൂപങ്ങൾ, എന്നിവ കണ്ടെത്തുക
2. അവയുടെ ചരിത്രപരവും സാംസ്കാരികവുമായ മൂല്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുകയും സംരക്ഷിക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കുകയും ചെയ്യുക
3. ഇവയുടെ ചരിത്ര-സാംസ്കാരിക പശ്ചാത്തലത്തെക്കുറിച്ച് വിദഗ്ദ്ധരുടെ സഹായത്തോടെ പഠനം നടത്തുക
4. പൈതൃക സംരക്ഷണത്തിന് ജനപങ്കാളിത്തത്തിന്റെ അനിവാര്യത സംബന്ധിച്ച് ബോധവത്ക്കരണം നടത്തുക
5. പൈതൃകനിർമിതികളും പ്രദേശങ്ങളും കലാരൂപങ്ങളും സംരക്ഷിക്കുന്നതിനും അവ സംബന്ധിച്ച ആധികാരിക വിവരങ്ങൾ ശേഖരിച്ച് അച്ചടിച്ച് വിനോദസഞ്ചാരികൾക്കും ജനങ്ങൾക്കും ലഭ്യമാക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടത്തുക
6. ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ട ഫണ്ട് പ്രാദേശികവിഭവസമാഹരണം, സ്പോൺസർഷിപ്പ്, തനത് ഫണ്ട്, വികസന ഫണ്ട് എന്നിവ വഴി കണ്ടെത്തുക

**3. ജില്ലാതല ഏകോപന സമിതി**

അദ്ധ്യക്ഷൻ: ജില്ലാപഞ്ചായത്ത് പ്രസിഡന്റ്

അംഗങ്ങൾ:

1. നഗരസഭ മേയർ,
2. മുനിസിപ്പാലിറ്റി ചെയർമാൻ
3. ജില്ലാ കലക്ടർ
4. ജില്ലാ പോലീസ് സൂപ്രണ്ട്,

5. ജില്ലാപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ്കമ്മിറ്റി ചെയർമാൻ

2 ജില്ലാപഞ്ചായത്ത് വികസന സ്റ്റാൻഡിംഗ്കമ്മിറ്റി ചെയർമാൻ

3. ജില്ലാപഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാൻഡിംഗ്കമ്മിറ്റി ചെയർമാൻ

4. ആ പ്രദേശത്തെ പൈതൃകയിടങ്ങളുള്ള ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റുമാർ,

5. പൈതൃകയിടങ്ങളുള്ള ഗ്രാമപഞ്ചായത്തുകളുടെ പ്രസിഡന്റുമാർ

6 എക്സിക്യൂട്ടീവ് എഞ്ചിനീയർ (തദ്ദേശസ്വയംഭരണസ്ഥാപനം)

7. ജില്ലയിലെ ടൂറിസം വകുപ്പിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥൻ

8. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയിലെ ഉദ്യോഗസ്ഥൻ,

9. പൈതൃകസംരക്ഷണത്തിൽ താൽപ്പര്യമുള്ള ജില്ലയിലെ പ്രധാന സാംസ്കാരിക, സാമൂഹിക, അക്കാദമിക പ്രവർത്തകർ (മൂന്ന് വീതം)

10. സക്ഷരതാമിഷൻ ജില്ലാ കോർഡിനേറ്റർ

11. കുടുംബശ്രീ ജില്ലാ കോർഡിനേറ്റർ

12. മാധ്യമപ്രവർത്തകരുടെ പ്രതിനിധി

കൺവീനർ: ജില്ലാ പഞ്ചായത്ത് സെക്രട്ടറി

കോർഡിനേറ്റർ : പൈതൃകസംരക്ഷണത്തിൽ താൽപ്പര്യമുള്ള മുതിർന്ന സന്നദ്ധപ്രവർത്തക/ൻ

ചുമതലകൾ:

1. ജില്ലാ തലത്തിലുള്ള വിവിധ വകുപ്പുകളുടേയും വിദഗ്ദ്ധരുടേയും സേവനം പൈതൃക സംരക്ഷണത്തിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക
2. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, സംസ്ഥാന ആർക്കിയോളജി വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളുടേയും വകുപ്പുകളുടേയും വിവിധ സ്കീമുകളും സേവനങ്ങളും ജില്ലയിലെ പ്രധാനപ്പെട്ട പൈതൃക സംരക്ഷണ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുക

3. പ്രാദേശിക പൈതൃക-സാംസ്കാരിക സംരക്ഷണ പ്രവർത്തന ങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുക
4. ജില്ലാ തലത്തിൽ പൈതൃകോത്സവങ്ങൾ നടത്തുക
5. ഇത്തരം പ്രദേശങ്ങളിലും ഉത്സവങ്ങളിലും വിനോദസഞ്ചാരി കളേയും ബഹുജനങ്ങളേയും ആകർഷിക്കുന്നതിന് വേണ്ട പ്രചാ രണ പ്രവർത്തനങ്ങൾ നടത്തുക
6. ഇവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ലഘുലേഖകൾ തയ്യാ റാക്കി പ്രസിദ്ധീകരിക്കുക

ഈ സമിതി ചുരുങ്ങിയത് മൂന്നു മാസത്തിലൊരിക്കൽ യോഗം ചേർന്ന് ജില്ലയിലെ പൈതൃകസംരക്ഷണപ്രവർത്തനങ്ങൾ വിലയി രുത്തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും സഹായവും നൽകുകയും ചെയ്യണം.

**3. സംസ്ഥാനതല മോണിറ്ററിംഗ് സമിതി**

അദ്ധ്യക്ഷൻ. തദ്ദേശഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ:

1. ജില്ല, ബ്ലോക്ക്, പഞ്ചായത്ത് പ്രസിഡന്റ്സ് അസ്സോസിയേഷൻ പ്രസിഡന്റുമാർ
2. മുനിസിപ്പാലിറ്റി ചെയർമാൻസ് അസ്സോസിയേഷൻ പ്രസിഡന്റ്
3. സംസ്ഥാനത്ത് ഈ രംഗത്ത് പ്രവർത്തിക്കുന്ന അക്കാദമിക-ഗവേഷണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ (മൂന്ന്)
4. തദ്ദേശഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സംസ്കാരിക വകുപ്പ് സെക്രട്ടറി, ടൂറിസം വകുപ്പ് സെക്രട്ടറി, ഈ വകു പ്പുകളുടെ ഡയറക്ടർമാർ,
5 ചീഫ് എഞ്ചിനീയർ, (തദ്ദേശഭരണ വകുപ്പ്),
6. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ -സംസ്ഥാന ഡയ റക്ടർ,
7. സംസ്ഥാന ആർക്കിയോളജി വകുപ്പ് ഡയറക്ടർ,
8. സാക്ഷരതാമിഷൻ ഡയറക്ടർ

9 കുടുംബശ്രീ ഡയറക്ടർ

10. പ്രമുഖ കല, സാസ്കാരിക ,സാമൂഹിക പ്രവർത്തകർ (മൂന്ന്)

11. പത്രപ്രവർത്തക യൂണിയൻ സംസ്ഥാന പ്രസിഡന്റ്/സെക്രട്ടറി

കൺവീനർ: ചീഫ് സെക്രട്ടറി / അഡീഷണൽ ചീഫ് സെക്രട്ടറി

ചുമതലകൾ

1. പൈതൃകസംരക്ഷണവുമായി ബന്ധപ്പെട്ട നയരൂപീകരണത്തിന് വേണ്ട നിർദേശങ്ങൾ സംസ്ഥാന സർക്കാറിന് നൽകുക
2. പൈതൃകസംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ സംസ്ഥാനതല ഏകോപനം
3. ഈ മേഖലയിലെ സംസ്ഥാനതല ഉദ്യോഗസ്ഥരുടെയും വിദഗ്ദ്ധരുടെയും നിർദ്ദേശങ്ങളും സേവനങ്ങളും പ്രാദേശികതലങ്ങളിൽ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക
4. ദേശീയ-അന്തർദേശീയതലത്തിൽ വിനോദസഞ്ചാരികൾക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ പ്രധാനപ്പെട്ട പൈതൃകപ്രദേശങ്ങളെ സംബന്ധിച്ച കാര്യങ്ങൾ ഇലക്ട്രോണിക്, അച്ചടി രൂപങ്ങളിലൂടെ തയ്യാറാക്കി പ്രദർശിപ്പിക്കുക
5. സംസ്ഥാന സർക്കാർ പൈതൃകസംരക്ഷണ വെബ്സൈറ്റിൽ ഇത്തരം എല്ലാ വിവരങ്ങളും ആധികാരികമായി ലഭിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുക
6. പൈതൃകകേന്ദ്രങ്ങളെ മേഖലകളാക്കി തിരിച്ച് സംസ്ഥാനതല പൈതൃക-സാംസ്കാരികോത്സവങ്ങൾ വാർഷികാടിസ്ഥാനത്തിൽ നടത്താനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക

ഈ സമിതി ചുരുങ്ങിയത് മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് ഈ മേഖലയിൽ സംസ്ഥാനതലത്തിലുള്ള നയത്തിനു വിധേയമായി തദ്ദേശഭരണസ്ഥാപനങ്ങൾക്കു വേണ്ട സാങ്കേതിക-അക്കാദമിക-സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനുള്ള നിർദേശങ്ങളും തീരുമാനങ്ങളും എടുക്കേണ്ടതാണ്.

(ചർച്ചകൾക്കും സർക്കാരിന്റെ അംഗീകാരത്തിനും വിധേയം)

# 5

# സംരക്ഷിക്കപ്പെടേണ്ട പൈതൃകങ്ങൾ അടയാളപ്പെടുത്താനുള്ള ഫോർമാറ്റ്

പൈതൃക സംരക്ഷണം എന്ന നമ്മുടെ ലക്ഷ്യം കൈവരിക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട ആദ്യ നടപടികളിലൊന്ന് ഓരോ പ്രദേശത്തും ഇപ്പോൾ നിലനിൽക്കുന്ന സംരക്ഷിക്കപ്പെടേണ്ട പൈതൃകങ്ങൾ ഏതൊക്കെ എന്ന് കണ്ടെത്തുകയും തിരിച്ചറിയുകയും ചെയ്യുക എന്നതാണ്. ഓരോ തദ്ദേശഭരണപ്രദേശത്തും നിലനിൽക്കുന്ന വിവിധതരം പൈതൃകങ്ങൾ കണ്ടെത്തി രേഖപ്പെടുത്തുന്നതിന് സഹായകമായ ഒരു പട്ടികയാണ് ഇതോടൊപ്പമുള്ളത്. താഴെ പറയുന്ന മൂന്ന് വ്യത്യസ്ത വിഭാഗങ്ങളായിട്ടാണ് പൈതൃകങ്ങളെ തരംതിരിച്ചിട്ടുള്ളത്.

1. **നിർമിത (പ്രത്യക്ഷ) പൈതൃകം :** ഇതിന് കീഴിൽ വരുന്നത് 50 വർഷത്തിലധികം പഴക്കമുള്ള കെട്ടിടങ്ങൾ, സ്മാരകങ്ങൾ, ശവകുടീരങ്ങൾ, കോട്ടകൾ തുടങ്ങിയ മനുഷ്യനിർമിതമായ അവശേഷിപ്പുകളാണ്.

2. **പ്രകൃതി പൈതൃകം :** പ്രകൃതിയുടെ ഭാഗമായി തുടരുന്ന പൈതൃകങ്ങൾ മൂന്നായി തിരിച്ചിരിക്കുന്നു.

   **എ. കാവുകൾ :** പ്രകൃത്യാലുള്ള കാവുകളും പാമ്പിൻകാവുകളും

   **ബി. കുളങ്ങൾ :** ചുറ്റും കരിങ്കൽ കെട്ടുകളും മതിലുകളുമൊന്നുമില്ലാത്ത സ്വാഭാവിക കുളങ്ങളും ഇത്തരം നിർമിത അതിരുകളുള്ള കുളങ്ങളും വേർതിരിച്ച് രേഖപ്പെടുത്തണം. കുളങ്ങളുടെ പ്രത്യക്ഷ അതിരുകൾ ചോദിച്ചിടത്ത് നിർമിത അതിരുകളുടെ സ്വഭാവം (വെട്ടുകല്ല്, കരിങ്കല്ല്, ചൂള ഇഷ്ടിക, കോൺക്രീറ്റ് തുടങ്ങിയവ) ഉൾപ്പെടെ ഇത് രേഖപ്പെടുത്തണം.

   **സി. തണ്ണീർതടങ്ങൾ :** വർഷകാലത്ത് വെള്ളം കെട്ടിനിൽക്കുന്ന

വയലുകളും കൃഷിയില്ലാത്ത താഴ്ന്ന പ്രദേശങ്ങളുമെല്ലാം ഇതിൽപെടുന്നു. ഇവയുടെ സ്വാഭാവിക അതിരുകളും നിർമിത അതിരുകളും പ്രത്യേകമായി രേഖപ്പെടുത്തണം.

3. **സാംസ്കാരിക പൈതൃകം :** നാടൻകലകൾ, മറ്റു കലാരൂപങ്ങൾ, ഉത്സവങ്ങൾ, ആചാരങ്ങൾ, കരകൗശലങ്ങൾ തുടങ്ങി സാംസ്കാരികമായ അവശേഷിപ്പുകൾ എല്ലാം ഇതിൽ വരുന്നു. സജീവമായി നിലനിൽക്കാത്തവയുടെ അവശേഷിപ്പുകൾ ഇതിലുൾപ്പെടും. സജീവമായി നിലനിൽക്കാത്തവയുടെ അവശേഷിപ്പുകൾ ഉണ്ടെങ്കിൽ അവയും രേഖപ്പെടുത്തണം.

* * * *

അക്ഷാംശം, രേഖാംശം, ജി.പി.എസ്. ലൊക്കേഷൻ എന്നിവ പഞ്ചായത്ത്, മുനിസിപ്പൽരേഖകളിൽ ലഭ്യമാണ്.

* * * *

# അനുബന്ധം

# നിർമ്മിത (പ്രത്യക്ഷ) പൈതൃകം

ക്രമനമ്പർ : ഫോട്ടോകൾ:

ഫോട്ടോ 1 ഫോട്ടോ 2 ഫോട്ടോ 3

പട്ടിക തയ്യാറാക്കുന്ന തിയതി:

01. ചരിത്രപ്രധാനമായ കെട്ടിടം/നിർമ്മിതി/ഇടത്തിന്റെ പേര്

ഇപ്പോഴത്തെ പേര് മറ്റുപേരുകൾ

02. പ്രദേശം

വിലാസം വഴി

ലാൻഡ് മാർക്ക്

ജി.പി.എസ്. ലൊക്കേഷൻ

ലാറ്റിറ്റ്യൂഡ് ലോങ്ജിറ്റ്യൂഡ്

03. വസ്തുവിന്റെ തരം

അതിരുകൾ തിരിച്ച സ്ഥലം/ഭൂഭാഗം/കെട്ടിടം/നിർമ്മിതി

സ്ഥാനം

04. പ്രായം

05. ഉടമാവകാശം

ഇപ്പോഴത്തേത് കഴിഞ്ഞ കാലത്തേത്

06. ഭൗതികഘടനയുടെ വിശദീകരണം (ചുരുക്കത്തിൽ)

07. പ്രാധാന്യം

ചരിത്രപരമായ പ്രാധാന്യം

സാമൂഹ്യപ്രാധാന്യം

സാംസ്കാരികപ്രാധാന്യം

പ്രാദേശിക ഐതിഹ്യങ്ങൾ

നിർമ്മിച്ചയാളുടെ പേര് (ലഭ്യമാണെങ്കിൽ)

08. ഇപ്പോഴത്തെ അവസ്ഥ (ചുരുക്കി വിശദീകരിക്കുക)

കേടുപാടു തീർക്കൽ, പരിപാലനം, മാറ്റംവരുത്തൽ

പ്രശ്നങ്ങൾ

09. ഉപയോഗം

ഇപ്പോഴത്തേത് കഴിഞ്ഞ കാലത്തേത്

10. വിവരത്തിന്റെ ഉറവിടം

11. സൂചനകൾ

സൂചകക്കുറിപ്പുകൾ

ഭൂപടങ്ങൾ/പ്ലാനുകൾ/ചിത്രീകരണങ്ങൾ

12. പട്ടിക തയ്യാറാക്കുന്നയാളുടെ പേരും വിലാസവും

13. അഭിപ്രായങ്ങൾ/പരാമർശങ്ങൾ

# പ്രകൃതി പൈതൃകം – (പാമ്പിൻ) കാവുകൾ

ക്രമനമ്പർ :                ഫോട്ടോകൾ:

ഫോട്ടോ 1        ഫോട്ടോ 2        ഫോട്ടോ 3

പട്ടിക തയ്യാറാക്കുന്ന തിയതി:

01. കാവിന്റെ പേര്

02. പ്രദേശം

വിലാസം        വഴി

ജി.പി.എസ്. ലൊക്കേഷൻ

ലാറ്റിറ്റ്യൂഡ്        ലോങ്ജിറ്റ്യൂഡ്

03. കാവിന്റെ പ്രത്യക്ഷ അതിർത്തികൾ

04. വിസ്തീർണ്ണം (ഹെക്ടറിൽ)

05. ഉടമസ്ഥാവകാശം

ഇപ്പോഴത്തെത്        കഴിഞ്ഞ കാലത്തേത്

06. സവിശേഷസ്വഭാവങ്ങൾ (ചുരുക്കി വിശദീകരിക്കുക)

07. പ്രാധാന്യം

ദേശീയ/പ്രാദേശിക പ്രാധാന്യം

പാരിസ്ഥിതിക/ജീവശാസ്ത്രപരമായ പ്രാധാന്യം

മതപരമായ/സാംസ്കാരിക പ്രാധാന്യം

08. ഏജൻസി/വ്യക്തി/സമുദായം (അങ്ങനെ ഉണ്ടെങ്കിൽ)

09. വിവരങ്ങളുടെ ഉറവിടം

10. സൂചനകൾ

സൂചകക്കുറിപ്പുകൾ

ഭൂപടം/ചിത്രീകരണം

11. പട്ടിക തയ്യാറാക്കുന്നയാളുടെ പേരും വിലാസവും

12. അഭിപ്രായങ്ങൾ/പരാമർശങ്ങൾ

# പ്രകൃതി പൈതൃകം - കുളങ്ങൾ

ക്രമനമ്പർ : ഫോട്ടോകൾ:

ഫോട്ടോ 1 ഫോട്ടോ 2 ഫോട്ടോ 3

പട്ടിക തയ്യാറാക്കുന്ന തിയതി:

01. കുളത്തിന്റെ പേര്

02. പ്രദേശം

    വിലാസം വഴി

03. കുളത്തിന്റെ പ്രത്യക്ഷ അതിരുകൾ

04. വിസ്തീർണ്ണം (ഹെക്ടറിൽ)

05. ഉടമസ്ഥാവകാശം

    ഇപ്പോഴത്തെത് കഴിഞ്ഞ കാലത്തേത്

06. സവിശേഷസ്വഭാവങ്ങൾ (ചുരുക്കി വിശദീകരിക്കുക)

07. പ്രാധാന്യം

    ദേശീയ/പ്രാദേശിക പ്രാധാന്യം

    പാരിസ്ഥിതിക/ജീവശാസ്ത്ര പ്രാധാന്യം

    മതപരമായ/സാംസ്കാരിക പ്രാധാന്യം

08. കുളത്തിന്റെ സംരക്ഷണത്തിലും ഉപയോഗത്തിലും പങ്കാളികളായ ഏജൻസി/വ്യക്തി/സമുദായം (അങ്ങനെ ഉണ്ടെങ്കിൽ)

09. വിവരങ്ങളുടെ ഉറവിടം

10. സൂചനകൾ

സൂചകക്കുറിപ്പുകൾ

ഭൂപടം/ചിത്രീകരണം

11. പട്ടിക തയ്യാറാക്കുന്നയാളുടെ പേരും വിലാസവും

12. അഭിപ്രായങ്ങൾ/പരാമർശങ്ങൾ

# പ്രകൃതി പൈതൃകം - തണ്ണീർത്തടങ്ങൾ

ക്രമനമ്പർ : ഫോട്ടോകൾ:

ഫോട്ടോ 1 ഫോട്ടോ 2 ഫോട്ടോ 3

പട്ടിക തയ്യാറാക്കുന്ന തിയതി:

01. തണ്ണീർതടത്തിന്റെ പേര്

02. പ്രദേശം

വിലാസം വഴി

03. തണ്ണീർതട സ്ഥാനത്തിന്റെ പ്രത്യക്ഷ അതിരുകൾ

04. വിസ്തീർണ്ണം (ഹെക്ടറിൽ)

05. ഉടമസ്ഥാവകാശം

ഇപ്പോഴത്തെത് കഴിഞ്ഞ കാലത്തേത്

06. സവിശേഷസ്വഭാവങ്ങൾ (ചുരുക്കി വിശദീകരിക്കുക)

07. പ്രാധാന്യം

ദേശീയ/പ്രാദേശിക പ്രാധാന്യം

പാരിസ്ഥിതിക/ജീവശാസ്ത്ര പ്രാധാന്യം

മതപരമായ/സാംസ്കാരിക പ്രാധാന്യം

08. തണ്ണീർത്തടം സംരക്ഷണത്തിലും ഉപയോഗത്തിലും പങ്കാളികളായ ഏജൻസി/വ്യക്തി/സമുദായം (അങ്ങനെ ഉണ്ടെങ്കിൽ)

09. വിവരങ്ങളുടെ ഉറവിടം

10. സൂചനകൾ

സൂചകക്കുറിപ്പുകൾ

ഭൂപടം/ചിത്രീകരണം

11. പട്ടിക തയ്യാറാക്കുന്നയാളുടെ പേരും വിലാസവും

12. അഭിപ്രായങ്ങൾ/പരാമർശങ്ങൾ

# സാംസ്കാരിക പൈതൃകം - നാടൻകലകൾ, ആചാരങ്ങൾ, ഉത്സവങ്ങൾ, കലയും കരകൗശലങ്ങളും

ക്രമനമ്പർ : ഫോട്ടോകൾ:

ഫോട്ടോ 1 ഫോട്ടോ 2 ഫോട്ടോ 3

പട്ടിക തയ്യാറാക്കുന്ന തിയതി:

01. പേര്

പൊതുവായ പേര് മറ്റുപേരുകൾ

02. പ്രദേശം

വിലാസം

03. സമുദായത്തിന്റെ പേരും ഹ്രസ്വചരിത്രവും/പശ്ചാത്തലം

04. പ്രകടന സാഹചര്യം

പ്രദേശം

ആചാരത്തിലോ ഉത്സവത്തിലോ പങ്കെടുക്കുന്ന മറ്റു സമുദായങ്ങൾ

പ്രയോഗത്തിന്റെ സമയവും കാലയളവും

05. ഉത്ഭവം (ചുരുക്കി വിശദീകരണം)

06. സവിശേഷസ്വഭാവങ്ങളും പ്രത്യേകതകളും (ചുരുക്കി വിശദീകരിക്കുക)

07. പ്രാധാന്യം

08. ബന്ധപ്പെട്ട ഘടകങ്ങൾ

പ്രകടനക്കാരും, പങ്കാളികളുമായവരുടെ എണ്ണവും ലിംഗവും

ആവശ്യമായി വരുന്ന വൈദഗ്ധ്യങ്ങൾ

ഉപയോഗിക്കുന്ന ഉപകരണങ്ങൾ സാമഗ്രികൾ തുടങ്ങിയവ

09. വിവരങ്ങളുടെ ഉറവിടം

11. സൂചനകൾ

സൂചനക്കുറിപ്പുകൾ

12. പട്ടിക തയ്യാറാക്കുന്നയാളുടെ പേരും വിലാസവും

13. അഭിപ്രായങ്ങൾ/പരാമർശങ്ങൾ

# പഴമയുടെ പെരുമയിൽ വെള്ളായണിയിലെ 'കളിത്തട്ട്'

ചരിത്ര പ്രസിദ്ധമായ വെള്ളായണി ദേവിക്ഷേത്രത്തിന് മുന്നിലെ എണ്ണൂറു വർഷമെങ്കിലും പഴക്കം വരുന്ന കളിത്തട്ട് പഴമയുടെ പെരുമ വിളിച്ചോതുന്നു. കായലും പാടങ്ങളും പച്ചപ്പും പുഞ്ചപ്പാടങ്ങൾക്കരികിൽ വിരുന്നിനെത്തുന്ന ദേശാടന കിളികളും നിറഞ്ഞ വശ്യസുന്ദര ഗ്രാമമായ വെള്ളായണിയിലെ കാർഷിക സംസ്കാരവും ഈ കളിത്തട്ടും ചരിത്രസ്മൃതിയായി ഇന്നും നിലകൊള്ളുന്നു. നാല് കൽത്തൂണുകളിൽ പലക നിരത്തി പനയുടെ തടി ഉപയോഗിച്ച് മേൽക്കൂര അടിച്ചുകൂട്ടിയാണ് കളിത്തട്ട് നിർമിച്ചിരിക്കുന്നത്. കൂരയ്ക്ക് ഉപയോഗിച്ചിരിക്കുന്ന തടികളിൽ കൊത്തുപണികളുമുണ്ട്.



കാലത്തെ അതിജീവിച്ച് വെള്ളായണിയിലെ കളിത്തട്ട്

ഇടക്കിടെ കൂരയിൽ മേഞ്ഞിരിക്കുന്ന ഓലകൾ മാറ്റും. അതു മാത്രമാണ് കളിത്തട്ടിൽ ചെയ്തുപോരുന്നത്. കളിത്തട്ടിന്റെ നിർമാണത്തിന് ഉപയോഗിച്ചിരിക്കുന്ന തടികൾക്ക് നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും കേടുപാടുകൾ സംഭവിച്ചിട്ടില്ലെന്ന പ്രത്യേകതയുമുണ്ട്. ക്ഷേത്രത്തിലെത്തുന്ന ഭക്തജനങ്ങളും നാട്ടുകാരും കളിത്തട്ടിലാണ് വിശ്രമിക്കുന്നത്. പണ്ട് പകിട കളിക്കാനും തട്ട് ഉപയോഗിച്ചിരുന്നു. വെള്ളായണിയിലെ ദേവി ക്ഷേത്രവുമായി ഏറെ ബന്ധമുണ്ട് ഈ കളിത്തട്ടിന്. കേളൻ കുലശേഖരവാത്തി വെള്ളായണിയിലെ എട്ട് പുരാതന നായർ തറവാട്ടുകാരുടെ സഹായത്തോടെ ഭദ്രകാളിയുടെ കിരീടത്തിന്റെ രീതിയിൽ ദേവിയെ കുടിയിരുത്തി മുടിപ്പുര ഉണ്ടാക്കി പൂജാകർമങ്ങൾ നടത്തിയിരുന്നു. മുടിപ്പുര സ്ഥാപിക്കുന്നതിനും മറ്റുമായി വസ്തുവകകൾ നൽകിയത് എട്ട് പ്രമുഖ തറവാട്ടുകാരാണ്. ക്ഷേത്രത്തിന്റെ പ്രവർത്തനങ്ങൾ നോക്കി നടത്തിയിരുന്ന ഇവരെ സ്ഥാനികൾ എന്നാണ് അറിയപ്പെട്ടിരുന്നത്.

ഇവർക്ക് വിശ്രമിക്കുന്നതിനും കാര്യാലോചനകൾ നടത്തുന്നതിനും മറ്റുമായി ക്ഷേത്രപരിസരത്ത് പഴയ കാലത്ത് പണിത കളിത്തട്ടാണ് ഇതെന്ന് പറയപ്പെടുന്നു. പണ്ടുകാലത്ത് ദേവിക്ക് അഭിമുഖമായി ദേവിസ്തുതികളും വിൽപ്പാട്ടുമൊക്കെ അവതരിപ്പിച്ചിരുന്നത് ഈ കളിത്തട്ടിലാണെന്ന് ചരിത്രം പറയുന്നു. മൂന്ന് വർഷത്തിലൊരിക്കൽ നടക്കുന്ന കാളിയൂട്ടിന് മുമ്പായി തിരുവാഴി പ്രശ്നം നടന്നിരുന്നതും ഈ കളിത്തട്ടിലാണ്. ക്ഷേത്രത്തിനകത്തും ഒരു കളിത്തട്ടുണ്ടായിരുന്നെങ്കിലും അത് കാലക്രമേണ നശിച്ചുപോയി. നമ്മുടെ നാടിന്റെ പൈതൃകങ്ങൾ ഒരോന്നായി നശിക്കുമ്പോഴും ഒരു ദേശത്തിന്റെ സംസ്കാരം വിളിച്ചുറിയിക്കുന്ന ഈ കളിത്തട്ട് കാലത്തെ അതിജീവിച്ച് തലയെടുപ്പോടെ ഇന്നും നിൽക്കുന്നത് നാട്ടുകാരുടെയും ക്ഷേത്രഭാരവാഹികളുടെയും സംരക്ഷണയിലാണ്.

മാതൃഭൂമി Thu, 09 July 2015
digitalpaper.mathrubhumi.com/c/5819227



















ശ്രീപാദം കൊട്ടാരം സംരക്ഷണത്തിനു മുൻപ്





ശ്രീപാദം കൊട്ടാരം സംരക്ഷണത്തിനു ശേഷം

രംഗവിലാസം കൊട്ടാരം സംരക്ഷണത്തിനു മുൻപ്





രംഗവിലാസം കൊട്ടാരം സംരക്ഷണത്തിനു ശേഷം

തെക്കേതെരുമാളിക - സംരക്ഷണത്തിനു മുൻപ്



തെക്കേതെരുമാളിക - സംരക്ഷണത്തിനു മുൻപ്




BEFORE

AFTER

BEFORE

AFTER

13/05/2014 17:14
BEFOR

AFTER